# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്ദിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 10-2146//22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 10-2146//22 തീയ്യതി: 27/01/2023

## തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-03-2022 മുതൽ 08-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 10-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ.കെ വി.(ഓഡിറ്റ് ഓഫീസർ )
ശ്രീ സുരേഷ് ബാബു ബി.( അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ )
ശ്രീമതി തനൂജ.എം.എൻ ( സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി സ്വപ്ന എസ് ( സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ രഞ്ജിത്ത്.സി (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശൈലജ രാജീവൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫീക്ക് .ആർ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| നൈസാം എസ് | സെക്രട്ടറി | 28-06-2021 | 31-03-2022 |
| നജീം എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ലേഖ കെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജയശ്രീ | ഐ സി ഡി എസ് ഓഫീസർ | 01-04-2021 | 29-06-2021 |
| രമണി | ഐ സി ഡി എസ് ഓഫീസർ | 30-06-2021 | 11-11-2021 |
| ലത | ഐ സി ഡി എസ് ഓഫീസർ | 12-11-2021 | 31-03-2022 |
| രഞ്ജിത . ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 2 | 01-04-2021 | 31-03-2022 |
| റാഫി എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ , സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ഡോ.സ്മിത എസ് പിള്ള | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. സരിത എ എൽ | വെറ്റിനറി സർജൻ | 01-04-2021 | 22-11-2021 |
| ഡോ. ബിനോദ് | വെറ്റിനറി സർജൻ | 23-11-2021 | 12-12-2021 |
| ഡോ. ദിവ്യ പി സി | വെറ്റിനറി സർജൻ | 13-12-2021 | 31-03-2022 |
| ഡോ. ജോർജ്ജ് മാത്യൂസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി . | 01-04-2021 | 31-03-2022 |
| ഡോ. ദീപ പി സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| സ്വാമിനാഥൻ | ഹെഡ് മാസ്റ്റർ | 01-09-2021 | 31-03-2022 |
| ശ്രീമതി റീജ . ആർ എസ് | കൃഷി ഓഫീസർ | 01-04-2021 | 04-05-2021 |
| ശ്രീമതി സരിത മോൾ | കൃഷി ഓഫീസർ | 06-05-2021 | 18-07-2021 |
| ശ്രീമതി ആദിബ | കൃഷി ഓഫീസർ | 19-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ - അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 10 | മരണം റിപ്പോർട്ട് ചെയ്യുന്നില്ല | 1-5-2 |
| 11 | ക്യാഷ് പരിശോധന | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 15 | വാടക പൂർണമായി ഈടാക്കിയിട്ടില്ല. | 1-10 |
| 16 | ഭരണസമിതി തീരുമാനത്തിന്മേൽ വിവിധ വസ്തുക്കൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-10-1 |
| 17 | ലേല തുക പൂർണമായി ഈടാക്കിയിട്ടില്ല | 1-10-2 |
| 18 | അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-11 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-12 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-13 |
| 21 | ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-14 |
| 22 | വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 1-14-2 |
| 23 | വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം | 1-15 |
| 24 | വസ്തുനികുതി -ഉത്തരവിന് വിരുദ്ധമായി ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി | 1-15-1 |
| 25 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | 1-16 |
| 26 | പാഥേയം പദ്ധതി : ജില്ലാ പഞ്ചായത്ത് തുക നൽകിയിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല | 1-17 |
| 27 | ലൈഫ് പദ്ധതി : അപാകങ്ങൾ | 1-18 |
| 28 | സുഭിക്ഷകേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി- രേഖകളുടെ അഭാവത്തിൽ 95914/-രൂപയുടെ ചെലവ് തടസ്സം | 1-19 |
| 29 | ഭരണസമിതി തീരുമാനങ്ങൾ-നടപ്പിലാക്കിയില്ല | 1-20 |

| | | |
|---|---|---|
| 30 | എച്ച്.എം.നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല- ചെലവ് തുക929569രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 31 | ഹോമിയോ ആശുപതിക്ക് മരുന്ന് വാങ്ങൽ 223548 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 32 | കമ്പ്യൂട്ടറുകൾ ലഭ്യമായില്ല - - 495040 / രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 33 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല ചെലവു തുക 768440/ തടസ്സപ്പെടുത്തുന്നു . | 1-24 |
| 34 | കന്നുകുട്ടി പരിപാലനം -വിനിയോഗ വിവരം ലഭ്യമല്ല . 318750/ ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം മറികടന്ന് എ ബി സി പ്രോഗ്രാമിനായി 105000 രൂപകുടംബശ്രീക്ക് കൈമാറി | 1-26 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലനം - കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം പൂർണ്ണമായും ലഭിച്ചിട്ടില്ല - 220344 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | ന്യൂ ലൈഫ് പദ്ധതി അപാകങ്ങൾ- 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . | 1-28 |
| 38 | PMAY ഭവന പദ്ധതി ( ജനറൽ) വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-29 |
| 39 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ത്വരിത നടപടികളെടുക്കേണ്ടതാണ് | 1-30 |
| 40 | വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ 300000 / രൂപയുടെ മരുന്ന് വാങ്ങൽ പദ്ധതി- സുലേഖ ചെലവു പത്രികയിൽ പ്രോജക്ട് വിവരങ്ങളും ചെലവും രേഖപ്പെടുത്തിയിട്ടില്ല | 1-31 |
| 41 | റോഡ് പ്രവൃത്തികൾ-റോഡ് കണക്റ്റിവിറ്റിമാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 1-32 |
| 42 | സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-33 |
| 43 | എ സി ആർ പ്രകാരമുള്ള ചെലവ് പൂർണ്ണമായും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല . | 1-34 |
| 44 | സ്വകാര്യ സ്ഥാപനത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച സി എഫ് എൽ റ്റി സി - പഞ്ചായത്തിന്റെ അനുമതിയില്ലാതെ പൊളിച്ചുമാറ്റി - സാധനങ്ങൾ തിരികെ ലഭിച്ചില്ല | 1-35 |
| 45 | തനത് ഫണ്ട് വകയിരുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ-നിർവഹണത്തിൽ അലംഭാവം | 1-36 |
| 46 | എസ്.എൽ.ഐ, ജി.ഐ.എസ്.ഏറ്റവും കുറഞ്ഞ പ്രീമിയം ഈടാക്കുന്നില്ല. | 1-37 |
| 47 | പകൽ വീട് പ്രവർത്തന ക്ഷമമല്ല | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം. | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം. | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് തീയതിയിലെ നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് തീയതിയിലെ ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 43,64,52,398/-/- രൂപ വരവും 43,43,90,500/-രൂപ ചെലവും നീക്കിയിരിപ്പ് 20,61,898/- രൂപയുമാണ്.

### 1-1-1 ബജറ്റ് - അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

എന്നാൽ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

2. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

3. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4. 2021-22ലെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

2021-22ലെ ബജറ്റ്, 2021-22ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ/ വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501002 | കൃഷിയും അനുബന്ധമേഖലയും - മറ്റ് വിളകൾ | 500,000 | 5,00,000 | 8,81,173 |
| 2 | 2501026 | കൃഷിയും അനുബന്ധ മേഖലയും –<br>കൃഷി അനുബന്ധ സൗകര്യങ്ങൾ | - | - | 2,55,000 |
| 3 | 2501032 | മൃഗസംരക്ഷണം- ആട് വളർത്തൽ | 100000 | 100000 | 432000 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പി ച്ചിട്ടുണ്ട്. ആയതിനാൽ മേൽ പട്ടികയിൽ പറയും പ്രകാരം ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ധാരാളം ചെലവ് ചെയതിട്ടുള്ളതിനാൽ മേൽ പട്ടിക പൂർണ്ണമല്ല.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം - 32/21-22, 19.11.2022) നൽകിയെങ്കിലും മറുപടി ലഭ്യാമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 27.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെ - അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100119 | Centrally Sponsored Scheme-Western Ghat Development Scheme | 6952 |
| 2 | 320200308 | Literacy Grant | 14780 |
| 3 | 320200309 | Grants From Suchitwa Mission | 1156002 |
| 4 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 1358030 |
| 5 | 320400199 | Grants,Funds &Contributions For Specific Purposes-Other Financial Agencies | 1994070 |
| 6 | 320700104 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 112920 |
| 7 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 922410 |
| 8 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 90250 |
| 9 | 320800101 | Beneficiary Contributions | 11400 |

പ്രസ്തുത തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, ബന്ധപ്പെട്ട പദ്ധതി, പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കിയില്ല.

3. 2021-22 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതമിനത്തിൽ 11400/- രൂപ നീക്കിയിരിപ്പുണ്ട്. . ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ആയത് നീക്കിയിരിപ്പായതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല.

4. വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| വായ്പ | മുന്നിരിപ്പ് (Previous B5) | വരവ് (RP32) | ആകെ | ചെലവ് | നീക്കിയിരിപ്പ് (Current B5) |
|---|---|---|---|---|---|
| കെ.യു.ആർ ഡി.എഫ്.സി | 99007999 | 3740000** | 102747999 | 8403998 | 94344001 |
| കോ ഓപറേറ്റീവ് ബാങ്ക് | 572554 | - | 572554 | 300000 | 272554 |

ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ KURDFC ലോൺ വിവരം രേഖപ്പെടുത്തിയിട്ടില്ല. കോ ഓപറേറ്റീവ് ബാങ്ക് ലോണിന്റെ തിരിച്ചടവ് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

** ലൈഫ് മിഷൻ ലോൺ തുക വരവ് വയ്ക്കുന്ന SBI -37181327764 അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയും പ്രകാരം തുക ലോൺ ഇനത്തിൽ വരവ് വന്നിട്ടുണ്ട്.

| വരവ് വന്ന തിയ്യതി | തുക |
|---|---|
| 15-12-21 | 3680000 |
| 14-1-22 | 100000 |
| 28-1-22 | 160000 |
| 14-3-22 | 490000. |
| 20-4-21 | 1700000 |
| 21-4-21 | 3740000 |
| ആകെ | 9870000 |

ലോണിനത്തിലെ 2021-22 വർഷത്തെ വരവ് ധനകാര്യ പത്രികയിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

5. B-5 ഷെഡ്യൂളിലെ നീക്കിയിരിപ്പും 94616555 B-16 ഷെഡ്യൂളിലെ നീക്കിയിരിപ്പും 91496555 പൊരുത്ത പ്പെടുന്നില്ല. വ്യത്യാസമുള്ള 3120000രൂപ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 2020-21 സാമ്പത്തിക വർഷത്തെ B-7, 2021-22 സാമ്പത്തിക വർഷത്തെ RP-34(വരവ്), RP-34(ചെലവ്) , B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 232589 | 574994 | 404531 | 403052 |
| Suppliers EMD | 185026 | - | 44335 | 140691 |
| Bidders EMD | 140090 | 7500 | 53366 | 93124* |
| Contractors Security Deposit | 235288 | 128389 | - | 363677 |
| Suppliers Security Deposit | 56555 | - | - | 56555 |
| Bidders Security Deposit | 400 | - | - | 400 |
| Contractors Retention | 74884 | - | - | 110111 |
| Other Deposit | 11704 | - | - | 11704 |
| Rent Deposit | 22850 | - | - | 22850 |
| Auction Deposit | 66850 | 13100 | 6350 | 73600 |
| Deposit Received For Halls & Auditoriums | 1350 | - | - | 1350 |
| Election Deposits | 54500 | - | 2500 | 52000 |
| Other Deposits Revenue | 30000 | - | - | 30000 |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. കൂടാതെ രജിസ്റ്റർ പ്രകാരമുള്ള തൻ വർഷ വരവ് ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

Suppliers Security Deposit, Bidders Security Deposit, Other Deposits, Rent Deposit, Deposit Received For Halls & Auditoriums, Other Deposits Revenueഎന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2020-21 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല.

7. ചുവടെ ചേർക്കുന്ന ചെലവുകൾ 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ആയത് 2021-22 വർഷത്തെ എ.എഫ്.എസിലെ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഇനം | തുക | വൗച്ചർ നം. / തീയതി |
|---|---|---|---|
| 1 | Honorarium To President(03/22) | 14200/- | 207/23.06.2022 |
| 2 | Honorarium To Vice President(03/22) | 11600/- | 208/15.07.2022 |
| 3 | Honorarium To Standing Committee Members(03/22) | 27600/- | 209/23.06.2022 |

8. B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പ് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| Government And Other Dues Payable-Library Cess | 339002.10 |
| Government And Other Dues Payable-VAT | 6330 |
| Flood Cess | 5605 |
| Government And Other Dues Payable-Others | 107136 |
| Other Liabilities | 53175 |

Government And Other Dues Payable-VAT ൽ നീക്കിയിരിപ്പായുള്ള തുക 2020-21 ലെ നീക്കിയിരിപ്പ് ആണ്. വിശദാംശം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി (നം - 34/21-22, 19.11.2022)ക്ക് മറുപടി നൽകിയില്ല.

9. ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 5201/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി (നം - 34/21-22, 19.11.2022)ക്ക് മറുപടി നൽകിയില്ല.

10. B-11 ഷെഡ്യൂളിലെ അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികമായിരിക്കുന്നു.. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 36995 | (1843794) |

B-11 ഷെഡ്യൂളിന്റെ പരിശോധനയ്ക്കായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി (നം - 34/21-22, 19.11.2022)ക്ക് മറുപടി നൽകിയില്ല.

11. ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ 2021-22 വർഷം നല്കിയ മുൻകൂറിന്റെ വിശദാംശം രേഖപ്പെടുത്താതിനാൽ B-18 ഷെഡ്യൂളിലെ

നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B- 18 നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 460100101 | Festival Advance | 3000 |
| 2 | 460100103 | Temporary Advance For Official Purposes | 3147952 |
| 3 | 460500201 | Advance To Implementing Agencies- Deposit With Kerala Water Authority | 1366000 |
| 4 | 460500202 | Advance To Implementing Agencies- Deposit With Kerala State Electricity Board | 283003 |
| 5 | 460509901 | Advance To Others | 2500 |

ക്രമനമ്പർ 1, 4 എന്നിവയിലെ തുകകൾ 2020-21 ലും നീക്കിയിരിപ്പുള്ള തുകയാണ്. അവ ക്രമീകരിക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറി (നം - 34/21-22, 19.11.2022)ക്ക് മറുപടി നൽകിയില്ല.

12. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

13. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് (RP7) | ചെലവ്(ചെലവ് പത്രിക ) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ) |
|---|---|---|---|---|
| Joint Venture -Revenue Expenditure -Block Panchayath | +112920<br>922410 | 2979704 | 2979704 | +112920<br>922410 |
| Joint Venture - Expenditure -District Panchayath | 90250 | 5787305 | 5787305 | 90250 |
| ആകെ | 1125580 | 8767009 | 8767009 | 1125580 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 1125580/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 10,00,000 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 34/21-22, 19.11.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

14. I-18 Schedule പ്രകാരം Miscellaneous Expenses (280800701) 30861 രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല .

15. ബാങ്ക് ബുക്ക്,ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

16. I(14d) പ്രകാരമുള്ള ക്ഷേമപെൻഷൻ തുകകളും ആയത് പരിശോധിക്കുന്നതിനായി നൽകിയ രേഖകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ:

| ക്രമ നം. | ഇനം | AFS പ്രകാരമുള്ള തുക | രജിസ്റ്റർ/ DBT Statement പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Indira Gandhi National Old Age Pension | 43824300 | 52769900 |
| 2 | Pension For Agriculture Workers | 7331200 | 8764400 |
| 3 | Indira Gandhi National Destitute /Widow Pension | 25602000 | 30757600 |
| 4 | Pension For Unmarried Women Aged Above 50 | 1029600 | 1240000 |
| 5 | Indira Gandhi National Disabled Pension | 5197700 | 6216500 |

17. വാർഷിക ധനകാര്യ പത്രിക B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In Progress 4632256എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 1578193 രൂപയുടെ പ്രവൃത്തി മാത്രമാണ് Capital Work In Progress ഇനത്തിൽ ഉള്ളത്. ഇത്തരത്തിൽ വ്യത്യാസം വരുവാനുണ്ടായ സാഹചര്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം - 34/21-22, 19.11.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

18. വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 288131356/- രൂപയും, ചെലവ് തുക 289710737/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നു. വിശദീകരിക്കേണ്ടതാണ്.

19. വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് 710256/-രൂപയും, മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 563607/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ടുകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കണമെന്ന് താത്പര്യപ്പെടുന്നു.. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 7346350 | 6717351 | 628999 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 5217468 | 4862569 | 354899 |

20. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 14231715 | 14408258 |
| സി എഫ് സി ഗ്രാന്റ് (Tied) | 5215607 (RP-7+ RP-31 - B-4) | 5016327 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 5217468 | 5726468 |

21. വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 6142912 | 3813176 | 2312867 |
| എ.എഫ്.എസ് പ്രകാരം | 5954503 | 3856031 | 2382047 |

22. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ Bank Of Baroda (58760100000549) നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല. (₹13339).

19 മുതൽ 23 വരെയുള്ള അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം - 47/21-22, 21.11.2022)ക്ക് മറുപടി നൽകിയില്ല.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14408668 | 14408668 | 22879047 | -8470379 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6149667 | 6149667 | 4949982 | 1199685 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2421667 | 2421667 | 2708413 | -286746 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 8165413 | 8165413 | 4917468 | 3247945 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 9127000 | 9127000 | 7346350 | 1780650 |
| വികസനഫണ്ട് (സി എഫ് സി അൺ റ്റൈഡ്) | 0 | 5858510 | 5858510 | 2963145 | 2895365 |
| വികസനഫണ്ട് (സി എഫ് സി റ്റൈഡ്) | 0 | 13053605 | 13053605 | 4796327 | 8257278 |
| സ് എസ് എസ് | 0 | 0 | 0 | 1321318 | -1321318 |
| എസ് എസ് എസ് | 0 | 0 | 0 | 7010000 | -7010000 |

ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 22879047 | 14408258 |
| വികസനഫണ്ട് (എസ് സി പി) | 4949982 | 4172649 |
| വികസനഫണ്ട് (റ്റി എസ് പി) | 2708413 | 2415080 |
| വികസനഫണ്ട് (സി എഫ് സി റ്റൈഡ്) | 4796327 | 5016327 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 4917468 | 5726468 |

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-3-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1. B-4 Schedule പ്രകാരമുള്ള പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ B-4 Schedule ലെ ചുവടെ ചേർത്തിരിക്കുന്ന ഹെഡ്ഡുകളിലെ തുകകൾ 2020-21 വർഷം ചെലവഴിക്കാതെ ശേഷിച്ചത് 2021-22 വർഷവും ചെലവാക്കിയിട്ടില്ല. പ്രസ്തുത തുകകൾ വിനിയോഗിക്കാത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 11/2021-22, 16.11.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.വിശദാംശം ചുവടെ

| ഹെഡ്ഡ് കോഡ് | തുക |
|---|---|
| 320100119 | 6952 |
| 320200301 | 25000 |
| 320200305 | 10000 |

| | |
|---|---|
| 320700204 | 922410 |
| 320700205 | 90250 |
| 320900399 | 900000 |
| 350200301 | 127290 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനു കാരണവും ലഭ്യമാക്കിയില്ല.

2. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പ്രകാരമുള്ള താഴെപ്പറയുന്ന ഇനങ്ങളിലെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുടെ B4 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് | B4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| വികസനഫണ്ട് (സി എഫ് സി) (Tied) | 8257278 | 8037278 | 2459575 |
| വികസനഫണ്ട് (സി എഫ് സി) (Untied) | 2895365 | 2895365 | 2270735 |

3. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

2021-22 വർഷത്തെ B-4 Schedule പ്രകാരം ഗുണഭോക്തൃവിഹിതം ചെലവായിട്ടില്ല പ്രസ്തുത തുക ഏത് പ്രോജക്ടിനുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1.6 പ്രകാരം ഗ്രാമപഞ്ചായത്തു കളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിരിക്കുന്നതാണ് അഗതിരഹിത കേരളം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്കായി 2021-22 വർഷം തുക വകയിരുത്തിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

5. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 5533440/-രൂപയാണ്. ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (7171472) വകയിരുത്തിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ചിരിക്കുന്നത് 3652569/-രൂപ (50.9%) മാത്രമാണ്.

6. ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| | ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | പൊതു വിഭാഗം | ഉല്പാദനം | 7171472 | 3652569 | 50.9 |
| | | സേവനം | 23163023 | 18597671 | 80.3 |
| | | പശ്ചാത്തലം | 1020837 | 628807 | 61.5 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | പട്ടിക ജാതി വിഭാഗം | ഉല്പാദനം | 540000 | 180000 | 33.3 |
| | | സേവനം | 5853949 | 3916942 | 66.9 |
| | | പശ്ചാത്തലം | 1590533 | 853040 | 53.6 |
| വികസനഫണ്ട് (ടി.എസ്.പി) | പട്ടിക വിഭാഗം | ഉല്പാദനം | 513250 | 335000 | 65.3 |
| | | സേവനം | 2612421 | 2144749 | 82.1 |
| | | പശ്ചാത്തലം | 228664 | 228664 | 100 |

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 11/2021-22, 16.11.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-4 പദ്ധതി അവലോകനം

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 174487570 | 162 | 70226933 | - | 55 | 75%. |

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 11 | 8 | 3 | 73 | 3688025 | 1198348 | 32 |
| Ii | വെറ്റിനറി സർജൻ | 12* | 9 | 3 | 75 | 7701700 | 2161250 | 28 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 4 | 4 | 0 | 100 | 1686700 | 1513952 | 90 |
| Iii | മെഡിക്കൽ ഓഫീസർ - ഹോമിയോ | 5 | 5 | 0 | 100 | 1615000 | 1615000 | 100 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 0 | 0 | 0 | 0 | 0 | 0 | 0 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 1 | 50 | 1598400 | 95914 | 6 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1 | 8 | 7 | 1 | 88 | 28900000 | 9352000 | 32 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17 | 11 | 6 | 65 | 7476333 | 4622720 | 62 |
| Viii | സെക്രട്ടറി | 46 | 33 | 13 | 71 | 18199863 | 14703921 | 81 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 63 | 19 | 77 | 32697985 | 17976275 | 55 |
| Xi | എച്ച്.എം. | 8 | 5 | 3 | 63 | 1970950 | 929569 | 47 |

| | | | | | | | |
|---|---|---|---|---|---|---|---|
| Xii | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 3238956 | 1684797 | 52 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 73 | 16264858 | 4632085 | 28 |
| 14 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -2 | 10 | 7 | 3 | 70 | 49748800 | 9976102 | 20 |
| ആകെ | | 218 | 163 | 55 | 75 | 174787570 | 70461933 | 40 |

*വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പ്രോജക്റ്റ് നം35/22 സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല .

1) ആകെ വകയിരുത്തിയതിന്റെ 40 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് . ഇത്തരത്തിൽ ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 82 പ്രോജക്ടുകളിൽ 63 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

ബി) ഫിഷറീസ് ഇൻസ്പെക്ടർ തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 2 പ്രോജക്ടുകളിൽ ഒരെണ്ണം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് വിനിയോഗം 6 ശതമാനം മാത്രമാണ്.

സി) വി ഇ ഒ സർക്കിൾ -2 നടപ്പിലാക്കിയ പദ്ധതികളുടെ ചെലവു ശതമാനം 20% മാത്രമാണ്

3)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0169/22 | തെങ്ങിന്റെ കീട ബാധ നിയന്ത്രണം | കൃഷി ഓഫീസർ |
| 2 | S0170/22 | നെൽകൃഷി സംരക്ഷണത്തിൻ സൌരോർജ്ജ വേലി | കൃഷി ഓഫീസർ |
| 3 | 177/22 | പൌവ്വത്തൂർ 48 നം അങ്കണവാടി കുഴൽ കിണർ നിർമ്മാണം | സെക്രട്ടറി |
| 4 | 178/22 | അങ്കണവാടികളിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ | സെക്രട്ടറി |
| 5 | 179/22 | പേരയം ആയുർ വേദ ആശുപത്രിയിലെ കുഴൽ കിണർ നിർമ്മാണം | സെക്രട്ടറി |
| 6 | 174/22 | ഇളവട്ടം എൽ പി സ്കൂളിലെ കുഴൽ കിണർ നിർമ്മാണം | സെക്രട്ടറി |
| 7 | 175/22 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണി | സെക്രട്ടറി |
| 8 | 180/22 | നിലാവ് തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ ഇ ഡി ആക്കുന്നത് | സെക്രട്ടറി |
| 9 | 176/22 | പേരയം ആശുപത്രി ഇലക്ട്രിഫിക്കേഷൻ | സെക്രട്ടറി |

പദ്ധതികൾ നടപ്പിലാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/19-11-22 ന് മറുപടി ലഭ്യമാക്കിയില്ല.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല .

ബി) 2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം ചേർന്നതായി മിനട്സിൽ രേഖപ്പെടുത്തലില്ല .

<u>വികസന സെമിനാർ</u>

വികസന സെമിനാർ മിനട്സ് ലഭ്യമാക്കുകയുണ്ടായില്ല

<u>വർക്കിംഗ് ഗ്രൂപ്പ്.</u>

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ

സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് . വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 8-1-22 തീയതിയിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല . വർക്കിംഗ് ഗ്രൂപ്പുകൾ ആകെ രണ്ടു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് .

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | പട്ടിക വർഗ്ഗം | 8-2-22 | കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിനായി സോളാർ ഫെൻസിംഗ് |
| 2 | കുടിവെള്ളംശുചിത്വം | 8-1-22 | ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷനുകൾ കൊടുക്കുക |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | കൃഷി | അതീവഗുരുതരം | വന്യമൃഗ ശല്യം |
| 2 | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള ക്ഷാമം |
| 3 | കുടിവെള്ളം | അതീവ ഗുരുതരം | കുടിവെള്ള ക്ഷാമം |

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 18720 | 18 |
| കർഷക തൊഴിലാളി പെൻഷൻ | 7331200 | 500 |
| വിധവാപെൻഷൻ | 25602000 | 1690 |
| വാർദ്ധക്യകാല പെൻഷൻ | 43824300 | 3067 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 5197700 | 325 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 1029600 | - |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സോമൻ എൻ | 102520202101 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09/04/2021 | ആക്ടീവ് | 05/21-09/22 | 17*1600 |
| 2 | ജോയിസ് | 102520203054 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08/04/2021 | സസ്പെൻഡ് | 05/21-06/21 | 2*1600 |
| 3 | നാരായണൻനായർ എസ് | 102520201834 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/04/2021 | സസ്പെൻഡ് | 04/21 | 1600 |
| 4 | വിജയകുമാർ സി. പി | 102520201571 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/05/2021 | സസ്പെൻഡ് | 06/21 | 1600 |
| 5 | ശാരദ സി | 102520100606 | കർഷക തൊഴിലാളി പെൻഷൻ | 13/02/2021 | സസ്പെൻഡ് | 03/21-08/21 | 6*1600 |
| 6 | രാമൻകുട്ടി ആശാരി.ജി | 102520203101 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/07/2021 | ആക്ടീവ് | 07/21-09/22** | 15*1600 |
| 7 | കൈലാസ്കുമാർ എസ് ജി | 102520202667 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/07/2021 | സസ്പെൻഡ് | 08/21-11/21 | 4*1600 |
| 8 | അരുന്ധതി അമ്മ | 102520201435 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/08/2021 | സസ്പെൻഡ് | 09/21 | 1600 |
| 9 | റോബിൻസൺ ആർ | 102520203696 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/09/2021 | ആക്ടീവ് | 10/21-09/22 | 12* 1600 |
| 10 | സാവിത്രി എം | 102520601875 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 27/04/2021 | ആക്ടീവ് | 05/21- 09/22 | 17*1600 |
| 11 | രാഘവൻപിള്ള | 102520200987 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/08/2021 | ആക്ടീവ് | 09/21- 09/22 | 13*1600 |
| 12 | രാജേന്ദ്രൻ പി | 102520201499 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/10/2021 | ആക്ടീവ് | 11/21 - 09/22 | 11*1600 |
| 13 | വിശ്വനാഥൻ | 102520200204 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/11/2021 | ആക്ടീവ് | 12/21 - 09/22 | 10*1600 |
| 14 | ഗോമതി | 102520200381 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/11/2021 | സസ്പെൻഡ് | 12/21 | 1600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | തങ്കപ്പൻ കാണി | 102520203192 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22/11/2021 | ആക്ടീവ് | 12/21 - 09/22 | 10*1600 |
| 16 | രാധ കെ | 102960200858 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31/08/2021 | ആക്ടീവ് | 09/21- 09/22 | 13*1600 |
| 17 | ചന്ദ്രൻപിള്ള സി | 102520201741 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/01/2022 | ആക്ടീവ് | 02/22-09/22 | 8*1600 |
| 18 | വിജയമ്മ പി | 102520201390 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06/02/2022 | ആക്ടീവ് | 03/22-09/22 | 7*1600 |
| 19 | ഗംഗാധരൻ കാണി | 102520101101 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/01/2022 | സസ്പെൻഡ് | 02/22-04/22 | 3*1600 |
| 20 | ഫൽഗുനൻ | 2220016978 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/12/2021 | ആക്ടീവ് | 01/22- 09/22 | 9*1600 |
| 21 | ആർ. രാജേന്ദ്രൻ | 102520203151 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/12/2021 | ആക്ടീവ് | 1/22- 09/22 | 9*1600 |

** തുക അക്കൗണ്ടിൽ ക്രഡിറ്റ് ആയത് 10/21 വരെയാണ്. നിലവിലും പ്രസ്തുത അക്കൗണ്ടിലേക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നുണ്ട്.

മരണം രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ തന്നെ പെൻഷൻ സെക്ഷനെ അറിയിച്ച് പെൻഷൻ വിതരണം നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 1 / 2021-22, 10.11.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5-2 മരണം റിപ്പോർട്ട് ചെയ്യുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ്, എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന പാലിക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്. സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി/ക്ഷേമ പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|
| 1 | ചെല്ലമ്മ | 102640100198 | കർഷക തൊഴിലാളി പെൻഷൻ | 23.02.2021 /അരുവിക്കര ഗ്രാമ പഞ്ചായത്ത് |
| 2 | സരോജനി | 102530201281 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/06/2021 / പെരിങ്ങമല ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 3 | സരസമ്മ | 102630202490 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20/08/2021 / ആനാട് ഗ്രാമ പഞ്ചായത്ത് |
| 4 | ജോസഫീന | 102610200314 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/09/2021/ തൊളിക്കോട് ഗ്രാമ പഞ്ചായത്ത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 1/2021-22, 10.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്നും സാമൂഹ്യസുരക്ഷാ ഇനത്തിൽ ലഭിക്കുന്ന വിഹിതം കൃത്യമായും അർഹതപ്പെട്ടവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതും പരാമർശം സംബന്ധിച്ച തുടർനടപടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-22 തീയ്യതിയിൽ 4.20 PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ പരിശോധനയിൽ 2493/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. എങ്കിലും നികുതി, ഫീസ് എന്നിവയുടെ കളക്ഷൻ സംബന്ധിച്ച പോരായ്മകൾ പരിഹരിച്ചിട്ടില്ല.

2) പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

3) വാങ്ങൽ പ്രക്രിയയിൽ പ്രോക്യൂർമെന്റ് കമ്മിറ്റി സജീവ ഇടപെടൽ നടത്തുന്നില്ല. ഇത് വിവിധ ഫണ്ടുകളുടെ ചെലവിൽ നിയന്ത്രണം നഷ്ടപ്പെടുത്തുന്നു.

4) ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ കാലികമാക്കി തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

8) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

9)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

10) അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

11) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

12) ഭരണ സമിതി തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-8 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 911482 | 1218751 | 2130233 | 1220623** | 909610 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 116201000 | 116201000 | 116201000 | 0 |
| ആകെ | 911482 | 117419751 | 118331233 | 117421623 | 909610 |

**അഡ്മിൻ ചെലവിനത്തിൽ 1137744 (1137744+82879=1220623) രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകി ചെലവഴിച്ചതാണ്.

1-8-1മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം.

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 2021-22 സാമ്പത്തിക വർഷത്തിൽ 287 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 5192 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു.4835കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

983 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 731 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു.354182 തൊഴിൽദിനങ്ങൾ മാത്രമാണ് 2021-22 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്.100 ദിവസം തൊഴിൽ ലഭിച്ച 2152 കുടുംബങ്ങൾ മാത്രമാണുള്ളത്.ലേബർ കമ്പോണന്റ് ഇനത്തിൽ 1104.72ലക്ഷം രൂപയും മെറ്റീരിയൽ കമ്പോണന്റ് ഇനത്തിൽ 76.59 ലക്ഷം രൂപയും ചെലവായി.

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട നികുതികൾ കൃത്യമായി ഈടാക്കേണ്ടതാണ്.

മറ്റ് പരാമർശങ്ങൾ

നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്. എന്നാൽ ഇവ ഫയലുകളിൽ ചേർത്തിട്ടില്ല.

പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽ മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.3.2022 | 01.01.2021 – 31.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.9.2022 – 7.102022 | 2019-20,2021-22 |

## 1-10 വാടക പൂർണമായി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും 2021 22 സാമ്പത്തിക വർഷത്തെ വാടക വരുമാനം പരിശോധിച്ചതിൽ വാടകക്കാരിൽ നിന്നും വാടക പൂർണമായി ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | വാടകക്കാരന്റെ പേര് | റൂം നം | മാസ വാടക | കുടിശ്ശിക | ഈടാക്കാൻ അവശേഷിക്കുന്ന ആകെ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | ചന്ദ്രമോഹൻ | 7 | 1059 | 1059x4 | 4236 |
| 2 | 5 | ലാലി കുമാരി | V | 1303 | 1303 X 6 | 7818 |
| 3 | 20 | കെ വിമൽരാജ് | MKS XIV | 1200 | 1200 X 2 | 2400 |
| 4 | 21 | അബ്ദുൽ റഹ്മാൻ | MKS XV NP/11/923 | 2550 | 2550 X 6 | 15300 |
| 5 | 22 | സത്യരാജൻ | XVI NP/11/924 | 1187 | 1187 X 6 | 7122 |
| 6 | 25 | കുമാരി | MKS XIX/NP /11/927 | 3000 | 3000 X 4 | 12000 |
| 7 | 30 | President VEFCK | MKS XXIV | 1375 | 1375 X 6 | 8250 |
| 8 | 32 | അരുണാചലം | MOS I | 1000 | 1000 X 6 | 6000 |
| 9 | 35 | സുശീല | MOS IV | 666 | 666 X 6 | 3996 |
| 10 | 36 | ബിജു | MOS V | 775 | 775 X 6 | 4650 |
| 11 | 39 | ജയരാജ് | Driving School | 1000 | 1000 X 6 | 6000 |
| 12 | 40 | ജലജ | Driving School | 1000 | 1000 X 6 | 6000 |
| | | | | | ആകെ | 83772 |

വാടക കൃത്യമായി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4 ന് മറുപടി നൽകിയിട്ടില്ല. കോവിഡുമായി ബന്ധപ്പെട്ട് 2021 ജൂലൈ മുതൽ ഡിസംബർ മാസം വരെ വാടക സ. ഉ. (കൈ) നം. 261/2021/ ത.സ്വ.ഭ.വ പ്രകാരം ഒഴിവാക്കി കൊടുത്തിട്ടുണ്ട്. ബാക്കി തുകയാണ് കുടിശ്ശികയിനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുഴുവൻ വാടക കുടിശികയും അടിയന്തിരമായി ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10-1 ഭരണസമിതി തീരുമാനത്തിന്മേൽ വിവിധ വസ്തുക്കൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല

വിവിധ ഭരണ സമിതി യോഗങ്ങളിൽ പാഴ് വസ്തുക്കൾ, മുറിച്ച മാറ്റിയ തടികൾ എന്നിവ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിന്മേൽ ലേല നടപടികൾ സ്വീകരിച്ചതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓഫീസിലെ കസേരകൾ മറ്റു ഉപയോഗശൂന്യമായ പാഴ് വസ്തുക്കൾ ഗവൺമെന്റ് ഹോമിയോ ആശുപത്രിയിലെ തടി എന്നിവ എൽ എസ് ജി ഡി എൻജിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിനു പഞ്ചായത്ത് കമ്മിറ്റിയുടെ 6- 10- 2021ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട് (അജണ്ട 11 തീരുമാനം 1)

2. 6/ 11/ 2021 ൽ നടന്ന ഭരണസമിതി യോഗത്തിൽ പാലുവള്ളി ഗവൺമെന്റ് യുപിഎസിന്റെ കെട്ടിടത്തോട് ചേർന്ന് അപകടാവസ്ഥയിൽ നിന്നിരുന്ന മരം മഴയോട് അനുബന്ധിച്ച് അടിയന്തിരമായി മുറിച്ചുമാറ്റിയിട്ടുള്ളതായി ഹെഡ്മിസ്ട്രസ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മുറിച്ചുമാറ്റിയ തടി ലേലം ചെയ്ത് തുക മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന് ആരായുന്നതിനും മുറിച്ചുമാറ്റിയ മരത്തിന്റെ വാല്യുവേഷൻ എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ വഴി എടുക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട് (അജണ്ട 7 തീരുമാനം നമ്പർ 8)

3. 6/ 11 /2021ൽ നടന്ന ഭരണസമിതി യോഗത്തിൽ പച്ച ഗവൺമെന്റ് എൽ പി എസിന് ഉള്ളിൽ നിൽക്കുന്ന ബദാം പ്ലാവ് റബർ

എന്നീ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഫയർഫോഴ്സ് നിർദേശം നൽകിയിട്ടുള്ളതായി എച്ച് എം അറിയിച്ചതിന്റെ വെളിച്ചത്തിൽ ടി മരങ്ങൾ നോട്ടീസ് നൽകി ലേലം ചെയ്യുന്നതിനും തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് (തീരുമാനം അജണ്ട 7 തീരുമാനം നമ്പർ 9)

4. 6/ 11 / 2021ൽ നടന്ന ഭരണസമിതി യോഗത്തിൽ ഇളവട്ടം എൽ.പി സ്കൂളിന്റെ പ്രധാന കെട്ടിടത്തോട് ചേർന്ന് പെരുമുട്ട് ബാധിച്ച് ദ്രവിച്ച് അപകടാവസ്ഥയിൽ നിൽക്കുന്ന തേക്കുമരത്തിന്റെ അപകടാവസ്ഥയിലുള്ള തായിത്തടിയുടെ ഭാഗം മുറിച്ചുമാറ്റുന്നതിന് അനുമതിക്കായുള്ള ഹെഡ്മാസ്റ്റർ അപേക്ഷ ചർച്ച ചെയ്തു. കേടുവന്ന ഭാഗം ലേല നടപടികൾ കൈകൊണ്ട് മുറിച്ച് മാറ്റുന്നതിന് എച്ച് എം നെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനിച്ചിട്ടുണ്ട് (അജണ്ട 7 തീരുമാനം നമ്പർ 10)

5. 11/ 2 /2022ലെ ഭരണസമിതി യോഗത്തിൽ പഞ്ചായത്ത് ഓഫീസിന്റെ വിവിധ ഭാഗങ്ങളിലും ഘടകസ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ ഇരുമ്പ് സ്ക്രാപ്പ് ഉൽപ്പന്നങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനും അതിനായി എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയറോഡ് വാല്യുവേഷൻ തയ്യാറാക്കി നൽകാൻ നിർദ്ദേശിച്ചുകൊണ്ടും തീരുമാനമെടുത്തിട്ടുണ്ട് (അജണ്ട 3 തീരുമാനം 8)

തുടർ നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എനിക്വയറി നമ്പർ 6 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-2 ലേല തുക പൂർണമായി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിലെ ലേല ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ ലേല തുക പൂർണമായി ഒടുക്കിയിട്ടില്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. ലേലവുമായി ബന്ധപ്പെട്ട ഫയലുകളിൽ തുകയുടെ അടവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയ കരാർ പത്രവും സോൾവൻസി സർട്ടിഫിക്കറ്റും ഉൾപ്പെട്ടിട്ടില്ല. കുടിശ്ശിക സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | ലേലം പിടിച്ച വ്യക്തിയുടെ പേര് | ലേല തുക | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക (+GST+ CESS) |
|---|---|---|---|---|---|
| 1 | പബ്ലിക് മാർക്കറ്റിൽ നിന്നും ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം | രതീഷ് | 151500 | 75750+ 5000 (EMD) | 70750 |
| 2 | പബ്ലിക് മാർക്കറ്റിലെ മാലിന്യ പ്ലാന്റിന് സമീപത്തെ മരങ്ങളിൽ നിന്നുള്ള മേലാദായം | ജി. രാജു | 4750 | 1600+500 (EMD) | 2650 |
| 3 | നന്ദിയോട് ഹോമിയോ ആശുപത്രി കോമ്പൗണ്ടിലെ ഫല വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | തുളസി | 400 | 350 (EMD) | 50 |
| ആകെ | | | | | 73450+GST+ CESS |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 ന മറുപടി നൽകിയിട്ടില്ല. തുക പൂർണമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി പ്രസ്തുത വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്

## 1-11 അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അനധികൃത കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43 ന് യാതൊരു മറുപടിയും നൽകിയിട്ടില്ല.

2019 ലെ കെ.പി.ബി.ആറിലെ ചട്ടം 95 (3) REGISTER FOR REGULARISED CONSTRUCTIONS പ്രകാരം ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും ചട്ടം 104 ൽ അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച റിപ്പോർട്ടിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഇതിൻ പ്രകാരം അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഏതുതരം ചട്ട ലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ട ലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ എല്ലാ മാസവും 25-ാം തിയതിക്ക് മുമ്പായി അതാത് സെക്രട്ടറിമാർ വകുപ്പ് തലവൻമാർക്ക് അയച്ചുകൊടുക്കേണ്ടതും വകുപ്പ് തലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത നിർദേശം പാലിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിലധികം വിവിധ മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നമ്പർ 31). 60 ദിവസത്തിലധികം പ്രവർത്തി നിർവഹിച്ചിട്ടുള്ള കരാറുകാരുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന കരാറുകാരിൽ നിന്നും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി അടച്ചിട്ടില്ല എന്ന ഉറപ്പുവരുത്തി നികുതി ഈടാക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|

| | |
|---|---|
| 1 | കുമാരൻ സി |
| 2 | സുനിലാൽ എസ് |
| 3 | റെജി റ്റി |
| 4 | അജിത് കുമാർ ആർ. എസ് |
| 5 | സച്ചിൻ എസ് ബാബു |
| 6 | രവീന്ദ്രൻ നായർ |
| 7 | പ്രവീൺ ആർ |
| 8 | അനു എസ് എസ് |
| 9 | ഗോപാല കൃഷ്ണൻ നായർ |
| 10 | അനീഷ് പി റ്റി |
| 11 | എ എസ് നസീം ലാൽ |
| 12 | വിജയനേശൻ നായർ |
| 13 | ബിനുകുമാർ വി ഡി |
| 14 | മോഹനൻ ഡി പി |
| 15 | ബിനുരാജ് എൻ ഐ |
| 16 | ഷിജിൽ കുമാർ എസ് |
| 17 | എസ് എസ് മുഹമ്മദ് ഷാം |

## 1-13 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. നന്ദിയോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 20 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്നും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നും രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 27, 31 എന്നിവയ്ക്ക് റേഷൻ കടകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ലൈസൻസ് അനുവദിക്കുന്ന മുറയ്ക്കും തൊഴിൽ നികുതി ഈടാക്കുന്ന മുറയ്ക്കും വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ മുഴുവൻ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ തൊഴിൽ നികുതി എന്നിവ ഈടാക്കി പ്രസ്തുത രസീതുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷം അവസാനിക്കുന്നതിനും 30 ദിവസം മുൻപായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം അപേക്ഷകളും ടി സമയപരിധിക്ക് ശേഷമാണ് സമർപ്പിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെയാണ് ടി കാലയളവിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എനിക്വയറി നം 27 ന്

ലൈസൻസ് കാലാവധി മാർച്ച് 31 വരെയേ ഉള്ളൂ എന്ന വിവരം പല കച്ചവടക്കാർക്കും അറിയില്ല എന്നും അപേക്ഷ സമർപ്പിക്കുന്ന മാസം മുതൽ അടുത്ത സാമ്പത്തിക വർഷം അതേമാസം വരെ ലൈസൻസ് കാലാവധി ലഭിക്കുമെന്നുള്ള ധാരണ കാരണമാണ് ലൈസൻസ് അപേക്ഷ സമർപ്പിക്കുന്നതിനു കാലതാമസം ഉണ്ടാകുന്നതെന്നും അറിയിച്ചിട്ടുണ്ട്. കൃത്യമായ മാർഗ്ഗനിർദേശം നൽകി ജനങ്ങളെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കേണ്ടതാണ്.

3. ചുവടെ ചേർക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കല്യാണ മണ്ഡപം 2021 -22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് തുക ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്

കെട്ടിട നം.8/778- നന്ദിയോട് സർവീസ് സഹകരണ ബാങ്ക് - ഗ്രീൻ ഓഡിറ്റോറിയം.

## 1-14-2 വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് വാർഡ് അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 282 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരവും 282 വാണിജ്യ സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത്. രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2021-22 -ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 177 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 ന് 2022-23 സാമ്പത്തിക വർഷം മുതൽ വാർഡ് അടിസ്ഥാനത്തിൽ ട്രെഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിക്കപ്പെട്ടിട്ടില്ല. കോവിഡ് സാഹചര്യമായതിനാലാണ് ലൈസൻസ് അനുവദിച്ചതിൽ കുറവ് വന്നതെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വർഷവും പുതുതായി ഉടങ്ങുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി പരിപാലിക്കുകയും ലൈസൻസ് ഇല്ലാതെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 വസ്തുനികുതി - ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം

(I) കെട്ടിടങ്ങളുടെ ഉപയോഗ ക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴി നികുതി നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കുന്ന അടിസ്ഥാന നികുതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി |
|---|---|---|---|
| 8/821 D | 106 ച.മീ | 40(വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൗൺ) | 65 (വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്ററിനു മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ , ഷോപ്പുകൾ , ഗോഡൗൺ) |

(Ii) നന്ദിയോട് ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററിലെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് വഴിയുള്ള നികുതി നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നം | കെട്ടിട നം. | പ്രവൃത്തിക്കുന്ന സ്ഥാപനം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 1 | 28 | 16/181 | ഇന്റീരിയർ ഡെക്കറേഷൻ | പാർപ്പിടം |
| 2 | 30 | 17/564 A | ഭക്ഷ്യ വസ്തുക്കൾ Re-pack ചെയ്ത് വിൽപ്പന (Catkoot Foods) | പാർപ്പിടം |
| 3 | 53 | 5/108 | ജോബ് കൺസൾട്ടൻസി | പാർപ്പിടം |
| 4 | 83 | 11/378 | മെഡിസിൻ , കോസ്മെറ്റിക്സ് I.R മെഡിക്കൽസ് | പാർപ്പിടം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 30 ന മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കൃത്യമായി തിട്ടപ്പെടുത്തി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 1-15-1 വസ്തുനികുതി -ഉത്തരവിന് വിരുദ്ധമായി ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര്, വിലാസം |
|---|---|---|
| 1 | 8/89 B, 8/89 A | ശ്രീദേവി എസ്<br>( ആത്മ പ്രസാദം , പയറ്റടി, നന്ദിയോട് , പച്ച) |
| 2 | 4/ 157A, 4/ 157B | ബീന എൽ നായർ<br>(ഏലാക്കര പുത്തൻ വീട്, കള്ളിപ്പാറ, പാലോട് , പച്ച) |
| 3 | 11/ 615 A, 11/ 618 A | ഉഷ (സുലച ഭവൻ, ചുണ്ടക്കരിയ്ക്കകം, പച്ച , പാലുവള്ളി) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 ന മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹരെ നികുതി ഇളവിന് അർഹരായവരുടെ പട്ടികയിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-16 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | S00144/21 – 22 (Spill Over) |
| പ്രോജക്ടിന്റെ പേര് | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ |
| അടങ്കൽ | 265350 ( 261630വികസന ഫണ്ട്- ജനറൽ + 3720 തനതു ഫണ്ട്) |
| ചെലവ് | 262125 ( ₹261630വികസന ഫണ്ട് - ജനറൽ + ₹495 തനതു ഫണ്ട്) |
| ബിൽ നമ്പർ | 1.A2-144/21-22, ₹261630, തീയതി 25.06.21<br>2. വൌച്ചർ നമ്പർ 22100235, ചെക്ക് നമ്പർ 005484, ₹ 495 തീയതി 28.06.21 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

വയോജന ക്ഷേമം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ്. സബ്സിഡി മാർഗ്ഗരേഖ സ.ഉ കൈ.നം.22/2018/തസ്വഭവ തീയതി 14.02.2018 7.1.13 പ്രകാരം 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4350/- രൂപയിൽ അധികമാകാതെ 1.98 മീറ്റർ നീളവും 90 Cm വീതിയും മുൻകാലിന് 60 Cm, പിൻകാലിന് 50 Cm കട്ടിലിൽ 8 Mm ഘനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ / സ്റ്റീലിൽ പണിത കട്ടിൽ നൽകാവുന്നതാണ്. കട്ടിൽ വാങ്ങുന്നത് അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ്. ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

കട്ടിൽ ഒന്നിന് 3495/- രൂപാ നിരക്കിൽ ബ്രദേഴ്സ് സാ മിൽ ആൻഡ് ഫർണിച്ചർ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂൾ പരിശോധിച്ചതിൽ ആർ കെ ഇൻഡസ്ട്രീസ്, നരുവാമൂട് എന്ന സ്ഥാപനം എല്ലാ സ്പെസിഫിക്കേഷനോടു കൂടി കട്ടിൽ ഒന്നിന് 2850/- രൂപയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിനെ ഒഴിവാക്കി ബ്രദേഴ്സ് സാ മിൽ ആൻഡ് ഫർണിച്ചർ മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നും കൂടിയ വിലയ്ക്ക് ഇതേ സ്പെസിഫിക്കേഷനിലെ കട്ടിൽ വാങ്ങുകയാണുണ്ടായത് .

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 26/2021-22, 18.11.2022)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ആഞ്ഞിലി തടിയിൽ ഉണ്ടാക്കിയ കട്ടിൽ ആയതിനാലാണ് കട്ടിൽ ഒന്നിന് 3495/- രൂപാ നിരക്കിൽ വാങ്ങിയത് എന്നറിയിച്ചു. എന്നാൽ സബ്സിഡി മാർഗരേഖയിൽ തടി ആഞ്ഞിലി വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടാണോ തീരുമാനം എടുത്തത് എന്ന വിവരം ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പാഥേയം പദ്ധതി : ജില്ലാ പഞ്ചായത്ത് തുക നൽകിയിട്ടും പദ്ധതി നടപ്പിലാക്കുന്നില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0094/22 | S0095/22 |
| പ്രോജക്ടിന്റെ പേര് | പാഥേയം പദ്ധതി(ജനറൽ) | പാഥേയം പദ്ധതി (എസ് സി പി) |
| അടങ്കൽ | 525280<br>(വി. ഫണ്ട് . ജനറൽ) | 311040<br>(വി. ഫണ്ട് എസ് സി പി) |

| | | |
|---|---|---|
| ചെലവ് | 500000 | 311040 |
| ബിൽ നമ്പർ | A2-94/21-22(1), 03.01.22 | A2-95/21-22(1), 05.01.22 |
| നിർവ്വഹണം | അസി. സെക്രട്ടറി | അസി. സെക്രട്ടറി |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി നടപ്പിലാക്കുന്ന പാഥേയം പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ജില്ലാപഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനായ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകുന്നതാണ് പ്രോജക്ട്. അശരണരായ കിടപ്പ് രോഗികൾ, വാർദ്ധക്യ വിഷമതകളാൽ വീടിന് പുറത്തിറങ്ങാൻ പോലും കഴിയാത്തവർ, പരസഹായം ആവശ്യമുള്ള ഭിന്നശേഷിക്കാർ എന്നിവർക്ക് സൗജന്യമായി പൊതിച്ചോർ വീട്ടിലെത്തിച്ച് നൽകുന്നതിനാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ 60ശതമാനം ചെലവ് ജില്ലാ പഞ്ചായത്തും 40ശതമാനം ചെലവ് ഗ്രാമപഞ്ചായത്ത് വിഹിതവും ആയിരിക്കും. രണ്ട് പ്രോജക്ടുകളിലുമായി യഥാക്രമം 235, 62 എന്നിങ്ങനെ എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. 12.07.2022 ലെ പി 6/6322/21/TDP/36 നമ്പർ പ്രകാരം 811040/- രൂപയ്ക്ക് ജില്ലാപഞ്ചായത്ത് സെക്രട്ടറി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (നം 12/2021-22തീയതി 16.11.2022) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

* ജില്ലാ പഞ്ചായത്തിൽ നിന്നും പാഥേയം പദ്ധതി നടപ്പിലാക്കുന്നതിനായി 2020-21, 2021-22 എന്നീ വർഷങ്ങളിൽ ₹ 1810496/-, ₹2073248/- യഥാക്രമം ലഭിച്ചിരുന്നുവെങ്കിലും നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം പാഥേയം പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ആർക്കും ഭക്ഷണം നൽകിയിട്ടില്ല. തുക വിനിയോഗി ക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

** പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആയതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ നിന്നും കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്രകാരം ലഭിക്കുന്ന തുക ബന്ധപ്പെട്ട പദ്ധതിയ്ക്കായി ചെലവഴിക്കുന്നുണ്ടോയെന്ന വിവരം ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ പരിശോധിക്കുന്നില്ല.

കുടുംബശ്രീ ജില്ലാ മിഷന് അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഹിതം പഞ്ചായത്തിൽ തിരികെ ഒടുക്കേണ്ടതാണ്. വിശദമായ പഠനം നടത്തി മാത്രം ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തുക/ആനുകൂല്യം നൽകുന്നതിനോടൊപ്പം തന്നെ യഥാസമയം പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി ചെലവാകാത്ത തുക (പഞ്ചായത്ത് വിഹിതം) തിരികെ നല്കാൻ ആവശ്യപ്പെട്ട് തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് പദ്ധതി : അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | SOO183/21-22 Spill Over |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | 6143785<br>(1943785വികസന ഫണ്ട്-ജനറൽ + 1000000 State Sponsored +500000 BP Share+ 500000 DP Share + 2200000 Others) |
| ചെലവ് | 2800000 (920000 വികസന ഫണ്ട്-ജനറൽ +300000 State Sponsored +500000 DP Share + 1080000 Others) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ

1. സ്റ്റേജ് റിപ്പോർട്ടിൽ പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി, പരിശോധകൻ/നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പൂരിപ്പിച്ച് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കൈപ്പറ്റ് രസീതിൽ തുകയോ കെട്ടിടത്തിന്റെ സ്റ്റേജോ രേഖപ്പെടുത്തിയിട്ടില്ല.

4. ഗുണഭോക്താവും പഞ്ചായത്തധികൃതരും ചേർന്ന് ചമച്ച കരാറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ എല്ലാ കരാറും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കൈവശാവകാശ രേഖ (അസൽ), സൈറ്റ് പ്ലാൻ എന്നിവ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

6. 18.02.2019 ലെ ഡിബി1/752/2018/LSGD നമ്പർ സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 100000/- രൂപ സംസ്ഥാനവിഹിതവും 220000/-രൂപ ലോൺ തുകയും ആണ്. എന്നാൽ നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ തുക വിതരണം ചെയ്തതിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | തുക / തീയതി | വിഹിതം |
|---|---|---|---|
| 1 | ജ്ഞാനശീലൻ (445) | 40000/10.01.2019 | Hudco Loan |
| | | 160000/30.03.2019 | Hudco Loan |
| | | 100000/05.07.2019 | State Sponsored |
| | | 60000/08.11.2018 | Block Panchayath Share |
| | | 40000/12.11.2021 | Plan Fund |
| 2 | ചൈതന്യ സി (203) | 40000/- (17.10.2018) | Block Panchayath Share |
| | | 160000/-(29.03.2019) | Hudco Loan |

| | | | |
|---|---|---|---|
| | | 100000/-(24.06.2019) | State Sponsored |
| | | 60000/-(20.05.2020) | District Panchayath Share |
| | | 40000/-(12.11.2021) | Plan Fund |
| 3 | രാജകൃഷ്ണനാശാരി | 40000/- (17.10.2018) | District Panchayath Share |
| | | 160000/-(29.03.2019) | Hudco Loan |
| | | 100000/-(05.07.2019) | State Sponsored |
| | | 60000/-(20.05.2020) | District Panchayath Share |
| | | 40000/-(12.11.2021) | Plan Fund |

7. ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ആകെ അനുവദിച്ച തുക | അവസാന ഗഡു അനുവദിച്ച തീയതി |
|---|---|---|---|
| 1 | ഹേമലത (401) | 300000/- | 03.10.2019 |
| 2 | ശാന്തി (422) | 360000/- | 12.11.2021 |
| 3 | സെൽവി എസ് (441) | 300000/- | 31.08.2019 |
| 4 | ആശ എൽ (447) | 360000/- | 23.03.2020 |
| 5 | സിജി (449) | 360000/- | 06.12.2019 |
| 6 | മോളി ബി (470) | 40000/- | 10.01.2019 |
| 7 | സൗമ്യ ജി (499) | 160000/- | 30.03.2019 |
| 8 | ബബിത ഒ (313) | 360000/- | 31.08.2019 |
| 9 | സുന്ദരേശൻ (332) | 300000/- | 24.06.2019 |
| 10 | കിരൺ ബി എസ് (360) | 300000/- | 23.07.2020 |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 25 /2021-22, 18.11.2022)ക്ക് നൽകിയ മറുപടിയിൽ 1 മുതൽ 6വരെയുള്ള അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സുഭിക്ഷകേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി- രേഖകളുടെ അഭാവത്തിൽ 95914/-രൂപയുടെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം | S0143/21 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷകേരളം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി |
| നിർവഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 184320/-(വികസനഫണ്ട് ജനറൽ)<br>1014480/-(മറ്റുള്ളവ) |
| ചെലവ് | 95914/-(വികസനഫണ്ട് ജനറൽ)<br>ബിൽനം-52101049/02.03.22 |

സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2 സെന്റ് നിലവിലെ വസ്തുവിലുള്ള മൺകുളങ്ങളിൽ മത്സ്യകൃഷി നടത്തി ഇതിലൂടെ ഒരു ടൺ മത്സ്യോത്പാദനം ലക്ഷ്യമിട്ടു വിഭാവനം ചെയ്തതാണ് മേൽ പദ്ധതി.പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യംനൽകിയിട്ടുണ്ട് .പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള അക്വാകൾച്ചർ രജിസ്ട്രേഷനും, അക്വാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന നിബന്ധനഗുണഭോക്താവും,ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുമായി ഏർപ്പെട്ട കരാറിലെ ഖണ്ഡിക 3 ൽ ഗുണഭോക്താവ് സമ്മതിച്ചിട്ടുണ്ട്.എന്നാൽ ഗീതാകുമാരി.സി, ജയകുമാരി.ഒ.എസ്, ഇന്ദിര മീൻമുട്ടി എന്നീ ഗുണഭോക്താക്കൾ മാത്രമാണ് മേൽ കരാർനിബന്ധന പാലിച്ച് ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത് .

2)താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ലൈസൻസ് ഉൾപ്പെടെയുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യാക്കിയിട്ടില്ല.പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ് | ഗുണഭോക്താവ് | അപാകം/അപേക്ഷയോടൊപ്പം ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | 17,ആലംപാറ | വിനായകൻ എസ് കെ. | I)അക്വാകൾച്ചർ രജിസ്ട്രേഷനും,അക്വാകൾച്ചർ ലൈസൻസും,<br>Ii)മോണിറ്ററിംങ് റിപ്പോർട്ട്. |
| 2 | 18,പാലുവള്ളി | ശുഭ.പി.കെ | I)4.06.2019ലെ നികുതി ഒടുക്കിയ രസീതാണ് ലഭ്യമാക്കിയത്.<br>Ii)അക്വാകൾച്ചർ രജിസ്ട്രേഷനും,അക്വാകൾച്ചർ ലൈസൻസും, |

| | | | |
|---|---|---|---|
| | | | Iii)മോണിറ്ററിംങ് റിപ്പോർട്ട്. |
| 3 | 4,കള്ളിപ്പാറ | ഷാജി.സി | I)ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>Ii)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും,<br>Iii)മോണിറ്ററിംങ് റിപ്പോർട്ട്. |
| 4 | 6,പാലോട് | ചന്ദ്രിക.ബി എസ് | I)ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>Ii)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും,<br>Iii)മോണിറ്ററിംങ് റിപ്പോർട്ട്. |
| 5 | 13,കുറുപുഴ | ബിന്ധ്യ.ഒ.ജി | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും,<br>II)മോണിറ്ററിംങ് റിപ്പോർട്ട്. |
| 6 | 12,ആലുങ്കുഴി | അംബിക.ബി | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും,<br>II)മോണിറ്ററിംങ് റിപ്പോർട്ട്. |
| 7 | 11,പച്ച | ലിന | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും,<br>II)മോണിറ്ററിംങ് റിപ്പോർട്ട്. |
| 8. | 14,ഇളവട്ടം | ജയലിവിംങ്സ്റ്റൻ.ഡബ്ള്യ | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസ്<br>Ii)ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>II)മോണിറ്ററിംങ് റിപ്പോർട്ട്. |
| 9. | 11,പച്ച | അശ്വിനി.പി.സി | Iഅക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും<br>II)മോണിറ്ററിംങ് റിപ്പോർട്ട്. |
| 10. | 3,പാണ്ഡ്യൻപാറ | ചിന്ത പുരുഷസ്വയം സഹായ സംഘം | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസ്<br>Ii)ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>IIi)മോണിറ്ററിംങ് റിപ്പോർട്ട്<br>Iv) വരുമാന സർട്ടിഫിക്കറ്റ്<br>V)കരമൊടുക്കിയ രസീത് |
| 11. | 16,താന്നിമൂട് | അരുൺ.എസ് ബി | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും<br>Ii)ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>IIi)മോണിറ്ററിംങ് റിപ്പോർട്ട് |
| 12. | 5,കുറന്താളി | ജയകമാരി.ഒ.എസ് | I)മോണിറ്ററിംങ് റിപ്പോർട്ട് |
| 13. | 6,പാലോട് | മോഹനൻ പിള്ള | I)അക്വാകൾച്ചർ രജിസ്ട്രേഷനം,അക്വാകൾച്ചർ ലൈസൻസും<br>Ii)മോണിറ്ററിംങ് റിപ്പോർട്ട് |
| 14. | 02,മീൻമുട്ടി | ഇന്ദിര.പി | I)മോണിറ്ററിംങ് റിപ്പോർട്ട് |
| 15 | 12,ആലുങ്കുഴി | ഗീതാകമാരി .സി | I)മോണിറ്ററിംങ് റിപ്പോർട്ട് |

മേൽ രേഖകൾ ലഭ്യമാക്കാതെയാണ് ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച നൽകിയത്.ടി വിവരങ്ങളുടെ അഭാവത്തിൽ തുക അനുവദിച്ചതിന്റെ മാനദണ്ഡം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

3)ക്രമ നം 09ലെ അശ്വിനി.പി.സി ലഭ്യമാക്കിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പാങ്ങോട് വില്ലേജിൽ ഉൾപ്പെടുന്ന നന്ദിയോട് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടാത്ത വസ്തുവിന്റേതാണ്. നന്ദിയോട് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടാത്ത വസ്തുവിൽ മത്സ്യകൃഷി ചെയ്യുന്നതിനായി നന്ദിയോട് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4)ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ശ്രീ.ഹിരൺ .പി.റ്റി വാർഡ് 11,എന്ന വ്യക്തിയക്ക് മത്സ്യകൃഷി ചെയ്യാൻ താത്പര്യമില്ലായെന്ന അപേക്ഷ പരിഗണിച്ച് പ്രസ്തുത ആനുകൂല്യം ടി വാർഡിലെ തന്നെ ശ്രീമതി അശ്വിനി.പി.സിക്ക് നൽകിയിട്ടുണ്ട്. ശ്രീ.ഹിരൺ .പി.റ്റി വാർഡ് 11,എന്ന വ്യക്തിയുടെ അപേക്ഷ, മത്സ്യകൃഷി ചെയ്യാൻ താത്പര്യമില്ലായെന്ന അപേക്ഷ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് മേൽ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം - 10/14.11.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ പ്രസ്തുത രേഖകളുടെ /വിവരങ്ങളുടെ അഭാവത്തിൽ 95914/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പ്രസ്തുത രേഖകൾ /വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഭരണസമിതി തീരുമാനങ്ങൾ-നടപ്പിലാക്കിയില്ല

ഭരണസമിതി തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | തീയതി | തീരുമാനം നം. | തീരുമാനം | |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 17.04.21 | 4(3) | തിരുവനന്തപുരം ജില്ലാമിഷൻ അനുവദിച്ച 180000/- രൂപ BIMS സൈറ്റ് ലഭ്യമല്ലാത്തതിനാൽ തനത്ഫണ്ടിൽ അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ല എന്നും പ്രസ്തുത സാഹചര്യത്തിൽ അടിയന്തിര സാഹചര്യം പരിഗണിച്ച് തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി തുക തിരികെ തനത് ഫണ്ടിലേക്ക് റിക്കൂപ്പ് ചെയ്യുന്നതിനും തീരുമാനിച്ചു | ടി തുക തിരികെ തനത് ഫണ്ടിലേക്ക് റിക്കൂപ്പ് ചെയ്തതിന്റെ തീയതിയും, പ്രസ്തുത തീയതിയിലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ പകർപ്പും ലഭ്യമാക്കേണ്ടതാണ്. |
| 2 | 28.06.21 | 2(4) | നന്ദിയോട് ഗ്രാമപഞ്ചായത്തിലെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പകൽവീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കെട്ടിടം ഒഴിയുന്നതിന് ആവശ്യപ്പെട്ട സാഹചര്യത്തിൽ ഫർണിച്ചറും മറ്റ് ഉപകരണങ്ങളും അവയുടെ ലിസ്റ്റ് തയ്യാറാക്കി തനത്ഫണ്ട് ചെലവിൽ നന്ദിയോട് പച്ച എൽ പി എസിലേയ്ക്ക് മാറ്റുന്നതിനായി ഐ സി ഡി എസിനെ ചുമതലപ്പെടുത്തി.പ്രസ്തുത മുറിയുടെ താക്കോൽ സൂക്ഷിക്കുന്നതിനും ഐ സി ഡി എസിനെ ഏല്പ്പിച്ചും തീരുമാനമായി | പകൽവീടിന്റെ നിലവിലെ ഏതു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്,മാറ്റിയ സാധനങ്ങളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്. |
| 3 | 11/02/2022 | 3(3) | കിടാരക്കുഴി അംഗൻവാടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് വനാവകാശ സംരക്ഷണ സമിതിയുടെ നിവേദനം വാർഡ് മെമ്പർ അംഗൻവാടി വർക്കർ എന്നിവരുടെ കത്തുകൾ യോഗം പരിഗണിച്ചു. അംഗൻവാടി കെട്ടിട നിർമ്മാണം ഡിപ്പാർട്ട്മെന്റ് തലത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് എസ്റ്റിമേറ്റ് എടുത്ത് നൽകാൻ വനിത ശിശുക്ഷേമ വകുപ്പിൽ നിന്ന് നിർദ്ദേശമുള്ളതിനാൽ എസ്റ്റിമേറ്റ് എടുത്ത് നൽകുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | കിടാരക്കുഴി അംഗൻവാടി 21-22 ൽ പ്രവർത്തിച്ച കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതും , തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. |

ഇതുമായി ബന്ധപ്പെട്ട് മേൽ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം - 02/11.11.22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ഭരണസമിതി തിരുമാനങ്ങളിൻമേൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 എച്ച്.എം.നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല-ചെലവ് തുക929569രൂപ തടസ്സപ്പെടുത്തുന്നു.

തൻവർഷം എച്ച് എം നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വസിഷൻ നം2/2022,ഓഡിറ്റ് അന്വേഷണം-19/2022 എന്നിവ നൽകിയിട്ടും മറുപടി ലഭ്യമാക്കിയില്ല. വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | സുലേഖ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 18 | സ്കൂൾ കുട്ടികൾക്ക് യോഗ പരിശീലനം | 214180 | 36000 |
| 182 | സ്കൂളുകളിൽ ക്ലീനിംഗ് കിറ്റ് നൽകൽ | 152640 | 152000 |
| 215 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ | 450000 | 449969 |
| 21 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോ നിർമ്മാണ പരിശീലനം | 235130 | 231600 |
| 22 | നീർപ്പാറ ആദിവാസി പഠനകേന്ദ്രത്തിലേക്ക് പഠനോപകരണങ്ങൾ നൽകൽ | 60000 | 60000 |
| | ആകെ | | 929569 |

ചെലവിനാസ്പദമായ രേഖകൾ ഫയലുകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവഴിച്ച തുക 929569 രൂപ ഓഡിറ്റ് തടസ്സം

ചെയ്യുന്നു.ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ഹോമിയോ ആശുപതിക്ക് മരുന്ന് വാങ്ങൽ 223548 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി ( പ്രോജക്ട് നം. 25/22) പ്രകാരം 5,00000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ് ഫാർമസി- (ഹോംകോ) യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 276452 രൂപയുടെ മരുന്നുകൾ മാത്രമാണ് തവണകളായി നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി തുകയായ 223548 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല . മരുന്നുകളുടെ യഥാസമയത്തുള്ള വിതരണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനത്തോട് ഏർപ്പെട്ടിരിക്കുന്ന കരാർ വ്യവസ്ഥകൾ പരിശോധിക്കാൻ കരാർ പത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3 ന ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കരാർ പത്രത്തിന്റെ അഭാവത്തിൽ ഈ സ്ഥാപനത്തിനെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിനു തടസ്സം നേരിടുന്നു. മരുന്നുകൾ കാലാ താമസം കൂടാതെ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് വിതരണ സ്ഥാപനവുമായി കരാറിലേർപ്പെടാൻ ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്. ബാക്കിയുള്ള തുകയ്ക്ക് അനുസൃതമായ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ സ്ഥാപനത്തോട് ആവശ്യപ്പെട്ട് ആയത് ലഭ്യമാകും മുറയ്ക്ക് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതുമാണ്. കൃത്യമായ മറുപടി ലഭ്യമാക്കാത്ത പക്ഷം തുക തടസ്സപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയാക്കുന്നതാണ്.

## 1-23 കമ്പ്യൂട്ടറുകൾ ലഭ്യമായില്ല - - 495040 / രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 203/22 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 500000 |
| ചെലവ് | 495040 |
| ഫണ്ടിനം | വികസന ഫണ്ട് |
| ACR ബിൽ നമ്പർ | 108/27-11-22-248183<br>111/8-12-21-246857 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം പ്രഫോർമ ഇൻവോയ്സ് നം TVM /ITBG/P1/RC/32270/21-22-DT 5-11-21 പ്രകാരം ഒരു പ്രിന്ററിന്റെ വിലയായ 20018 രൂപ, TVM /ITBG/P1/RC/32271/21-22-DT 23-11-21 പ്രകാരം 1 KV UPS 3 എണ്ണത്തിന് 69915 രൂപ , TVM /ITBG/P1/RC/32272/21-22-DT 23-11-21 പ്രകാരം 3 കമ്പ്യൂട്ടറുകളുടെ വിലയായ 119391 രൂപ, TVM /ITBG/P1/RC/32273/21-22-DT 23-11-21 പ്രകാരം 3 ലേസർ പ്രിന്ററുകളുടെ വിലയായി 38859 രൂപ ആകെ 248183 രൂപ ഐ ടി മിഷനും പ്രൊഫോർമ്മ ഇൻവോയ്സ് നംTVM /ITBG/PSR/SR/ 0473/21-22-DT 5-11-21 പ്രകാരം 5 KV UPS, പ്രോജക്റ്റർ എന്നിവയുടെ വിലയായ 246857 രൂപ കെൽട്രോണിനും കൈമാറിയിട്ടുണ്ട്. മേൽപറഞ്ഞ ഇനങ്ങൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ്, ഇ വേ ബിൽ, സ്റ്റോക്ക് വിവരം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ 39/19-11-22 ന് മറുപടി ലഭ്യമാക്കിയില്ല കമ്പ്യൂട്ടറുകൾ ലഭ്യമാക്കുകയാണെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെയും, സ്ഥാപനങ്ങളിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ്, ഇ വേ ബിൽ, എന്നിവയും ലഭ്യമാക്കേണ്ടതാണ്. ആയതു വരെക്കും 495040/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - വിനിയോഗ വിവരം ലഭ്യമല്ല ചെലവു തുക 768440/ തടസ്സപ്പെടുത്തുന്നു .

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .

| പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പര്/ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| 235 /22*** | ഇളവട്ടം സ്കൂളിലേക്ക് മിനി ജലവിതരണ പദ്ധതിക്ക് തുക അടവാക്കൽ | ഭൂജല വകുപ്പ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 292/18-3-22 | 167900 | ഭൂജല വകുപ്പുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം , |
| 112/22* | പേരയം ആശുപത്രിയിൽ പമ്പ് സ്ഥാപിക്കൽ | ഭൂജല വകുപ്പ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എ സി ആർ ബിൽ നം 141/1-1-22 | 120000 | ഭൂജല വകുപ്പുമായി ഏർപ്പെട്ട കരാർ, തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം , |
| 2/22 | സാമൂഹ്യ സുരക്ഷ മിഷന് സംഭാവന നൽകൽ | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | വികസന ഫണ്ട് ജനറൽ | ബിൽ നം 8/-22-6-21 | 100000 | വിനിയോഗ സാക്ഷ്യപത്രം. |

| | | | | | | |
|---|---|---|---|---|---|---|
| 3/22 | ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | വികസന ഫണ്ട് ജനറൽ | എ സി ആർബിൽ നം 11/ തിയ്യതി 22-6-21 | 108220 | വിനിയോഗ സാക്ഷ്യപത്രം |
| 1/22** | എസ് എസ് എ വിഹിതം നൽകൽ | പ്രോജക്റ്റ് കോ ഓർഡിനേറ്റർ | വികസന ഫണ്ട് - ജനറൽ | എ സി ആർ ബിൽ തിയ്യതി 7/ 22-6-21 | 172320 | വിനിയോഗ സാക്ഷ്യപത്രം |
| 8/22 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം | ചെയർ പേഴ്സൺ & സെക്രട്ടറി | വികസന ഫണ്ട് - ജനറൽ | എ സി ആർ ബിൽ തിയ്യതി 18/ 5-8-21 | 100000 | വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | | | | 768440 | |

* 20-12-21 തിയ്യതിയിലെ W/dot/558/2020 കത്തു പ്രകാരം തുക Stsb അക്കൌണ്ട് നം 701041400000049 ലേക്ക് കൈമാറാനാണ് ആവശ്യപ്പെട്ടിരുന്നത് . എന്നാൽ തുക 67252424163 എന്ന അക്കൌണ്ടിലേക്കാണ് കൈമാറിയത് .

** 8-11-21 തിയ്യതിയിലെ 39/brc പാലോടിന്റെ കത്തു പ്രകാരം തുക അക്കൌണ്ട് നം 0819101104302 ലേക്ക് കൈമാറാനാണ് ആവശ്യപ്പെട്ടിരുന്നത് . എന്നാൽ തുക 08191095546എന്ന അക്കൌണ്ടിലേക്കാണ് കൈമാറിയത്.

*** 8-10-20 തിയ്യതിയിലെ GW/DO7/293/20 തിയ്യതി പ്രകാരം 70104140000049 ലേക്ക് കൈമാറാനാണ് ആവശ്യപ്പെട്ടത് . എന്നാൽ 59 E ബിൽ ലഭ്യമാക്കാത്തതിനാൽ അക്കൌണ്ട് വിവരം പരിശോധിക്കാനായിട്ടില്ല .

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 38/19-11 -22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല . മേൽപ്രകാരമുള്ള രേഖകൾ ലഭ്യമാക്കും വരെക്കും ചെലവു തുക 768440 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-25 കന്നുകുട്ടി പരിപാലനം -വിനിയോഗ വിവരം ലഭ്യമല്ല . 318750/ ചെലവു തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 37/21 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 2000000 |
| ചെലവ് | 318750 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| എ സി ആർ ബിൽ നം | 170/11-1-22 തുക 318750 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററി നറി സർജ്ജൻ |

4-6 മാസം പ്രായമായ കന്നുകുട്ടികൾക്ക് സബ്സിഡി തുക തീരുന്നതു വരെ തീറ്റ നൽകുന്നതിനായാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത് . വിവിധ സംഘങ്ങളിൽ നിന്നുമാണ് കാലിതീറ്റ വിതരണം ചെയ്യുന്നത് .മേൽ ബിൽ പ്രകാരം 318750 രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട് .ടി തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 5/14-11-12 ന് സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട് . 2018-19 , 2019-20, 2020-21, വർഷങ്ങളിൽ യഥാക്രമം 250000 , 250000, 250000എന്നിങ്ങനെ തുകകൾ സമാനമായ രീതിയൽ എസ്.എൽ.ബി.പി യ്ക്കായി കൈമാറിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട് . വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതു വരെക്കും ചെലവു തുക 318750 രൂപ തടസ്സത്തിൽ വക്കുന്നു .

## 1-26 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശം മറികടന്ന് എ ബി സി പ്രോഗ്രാമിനായി 105000 രൂപകടംബശ്രീക്ക് കൈമാറി

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുനായ്ക്കളുടെ ജനന നിയന്ത്രണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ | 33/22 |
| അടങ്കൽ | 105000/- |
| ചെലവ് | 105000/ |
| ബിൽ നം/വൗച്ചർ നം | 32/7-9-21 -105000/- |

ഗ്രാമപഞ്ചായത്തിലെ, അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 50 തെരുവ് നായ്ക്കൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള തുക മേൽ ബിൽ പ്രകാരം കൈമാറുകയും ചെയ്തു. പഞ്ചായത്ത് ഡയറക്ടറുടെ PAN/12829/2010-J1(DP) 17-8-21 തിയ്യതി പ്രകാരം എ ബി സി പ്രോഗ്രാമിനായി തുക കൈമാറുന്നത് താൽകാലികമായി നിറുത്തി വക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർദ്ദേശമുണ്ടായിരുന്നിട്ടും 9/21 ൽ തുക കൈമാറിയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 7/14-11-22 പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ തുക

കൈമാറുന്നതിനുള്ള ബിൽ ഇ സബ്മിറ്റ് ചെയ്തതിനുശേഷമാണ് പഞ്ചായത്ത് ഡയറക്ടറുടെ കത്തിനെ കുറിച്ച് അറിയാൻ കഴിഞ്ഞതെന്നും തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ സ്ഥലം മാറി പോകുകയും ചെയ്തു വെന്നും തുക തിരികെ ലഭിക്കുന്നതിനായി കുടുംബശ്രീയുമായി ബന്ധപ്പെടുകയും തുക തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഉടൻ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലനം - കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം പൂർണ്ണമായും ലഭിച്ചിട്ടില്ല - 220344 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 141/22 (SO) |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 500000 |
| ചെലവ് | 250000 |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| എ സി ആർ ബിൽ നം. | 31/07.09.2021, തുക 2,50,000 |

4-6 മാസം പ്രായമായ കന്നുകുട്ടികൾക്ക് സബ്സിഡി തുക തീരുന്നതു വരെ തീറ്റ നൽകുന്നതിനായാണ് മേൽ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത് . 20 ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും അടക്കം 12500രൂപ വച്ച് ആകെ 250000 രൂപ SLBP ക്ക കൈമാറിയിട്ടുണ്ട് . മേൽ ബിൽ പ്രകാരം എസ്എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയതുകയിൽ 29656 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം (24-1-22 വരെ ) ലഭ്യമായിട്ടുണ്ട് ബാക്കി 220344 രൂപയുടെ വിനിയോഗത്തിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/14-11-22 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യ പത്രം SLBP യിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കും വരെക്കും ചെലവു തുക 220344 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ന്യൂ ലൈഫ് പദ്ധതി അപാകങ്ങൾ- 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| പ്രോജക്ട് നം. | 63/22 |
| പ്രോജക്ടിന്റെ പേര് | ന്യൂ ലൈഫ് പട്ടിക ജാതി ലക്ഷം വീട് കോളനി നവീകരണം |
| അടങ്കൽ | 2600000 |
| ചെലവ് | 1971000 |
| ബിൽ നം. | 00 261/9-3-22-80000<br>11/25-3-22-804000<br>5/12-1-22-360000<br>154/8-1-22-727000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ സർക്കിൾ 1 |

1998-99 വർഷത്തിൽ ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സംയുക്ത പ്രോജക്ടാണ് ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി . ഈ വീടുകളുടെ പുനരുദ്ധാരണമാണ് ന്യൂ ലൈഫ് ഭവന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് . പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു .

1. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം വീടിന്റെ പൂർത്തികരണത്തിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കണമെന്നും തുക നൽകുന്ന ഓരോ സ്റ്റേജും വി ഇ ഒ സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് . എന്നാൽ അപ്രകാരമുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല .

2. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുകൾ ഉൾപ്പെടുന്ന അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്, മറ്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല .

3. 20 വർഷം മുൻപ് നടപ്പിലാക്കിയ ടി പദ്ധയിലുൾപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്നവരുടെ വീടിന്റെ കാലപഴക്കം കുറവായാണ് കാണുന്നത് .

എ. ഷീബ ടി , ലക്ഷം വീട് പച്ച- 12 വർഷം( സാക്ഷ്യ പത്രം നം- B-4-6193/28-10-21)

ബി. ഷാജി കെ , പച്ചക്കാട് ലക്ഷം വീട് കോളനി 12 വർഷം (B-36270/29-10-28)

സി. ഗോമതി . കോവിൽ കോണം ലക്ഷം വീട് 9 വർഷം( B4-6347/29-10-28)

മേൽ പറഞ്ഞ മൂന്ന ഗുണോഭോക്താക്കളും 20 വർഷം നടപ്പിലാക്കിയ ലക്ഷം വീട് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളാണെങ്കിൽ എന്തുകൊണ്ടാണ് ടിയാരുടെ വീടിന്റെ കാലപഴക്കം കുറവായി രേഖകളിൽ കാണുന്നതെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം 35/19-11-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറ്റ് ഏതെങ്കിലും ഭവന പദ്ധതിയുടെ ഗുണഭോക്താക്കളാണെങ്കിൽ 200000 രൂപ ധനസഹായത്തിന് ടിയാൾക്ക് അർഹതയില്ലാത്തതുമാണ്. ഇക്കാര്യം പരിശോധനവിധേയമാക്കി വിശദാംശങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും ആയതു വരെ മേൽ പറഞ്ഞ 3 പേർക്കും കൂടി അനുവദിച്ച 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

## 1-29 PMAY ഭവന പദ്ധതി ( ജനറൽ) വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 200/22 (New) |
| പ്രോജക്റ്റിന്റെ പേര് | PMAY വിഹിതം കൈമാറൽ |
| അടങ്കൽ | 1400000 |
| ചെലവ് | 1400000 |
| ഫണ്ടിനം | പ്ലാൻ ഫണ്ട്- ജനറൽ |
| ബിൽ നം | 101/25-11-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ സർക്കിൾ 1 |

പദ്ധതി പ്രകാരം പി എം എ വൈ - ഗ്രാമപഞ്ചായത്ത് വിഹിതമായി 1400000 രൂപ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് .ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(36/19-11-22) മറുപടി ലഭ്യമാക്കിയില്ല വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ത്വരിത നടപടികളെടുക്കേണ്ടതാണ്

എ.

| | |
|---|---|
| പ്രോജക്റ്റ് നം. | 92/22. |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി ( TSP) |
| അടങ്കൽ | 31200000 |
| ചെലവ് | 6943645 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -2 |

2021-22 വർഷം 36 ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് . ആയതിൽ താഴെ പറയുന്നവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | നിലവിലെ സ്റ്റാറ്റസ് |
|---|---|
| അരുണ്യ എൽ ,അരുണ്യ ഭവൻ | ലിന്റൽ |
| അജിത കുമാരി രേവതി ,രാഹുൽ ഭവൻ | ബേസ്മെന്റ് |
| മഹേശ്വരി ,അഭിലാഷ് ഭവൻ നീർപ്പാറ | റൂഫ് |
| ഷാജി പി , തങ്ക വിലാസം | പണി തുടങ്ങിയിട്ടില്ല |
| അശ്വതി , പി എസ് , കുന്നം പുറത്ത് വീട് | ലിന്റൽ |
| ശാലിനി പി , പൊന്നെടുത്താൻ കുന്നം പുറത്ത് | പണി തുടങ്ങിയിട്ടില്ല |
| പുഷ്പലത ,കൃഷ്ണ ഭവൻ,പൊൻ പാറ | ലിന്റൽ |
| സുലാറാണി,ശ്രീഭവൻ, കള്ളിപ്പാറ | ലിന്റൽ |
| ജയന്തി , പൊൻപാറ , തടത്തരികത്ത് വീട് | ലിന്റൽ |
| പ്രേമ കുമാരി , നെട്ടംപാറ . തടത്തരികത്ത് വീട് | ലിന്റൽ |
| സാവിത്രി , മേക്കും കര , പുത്തൻ വീട് | ലിന്റൽ |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് വ്യവസ്ഥ

ചെയ്യുന്നത്. ആദ്യ ഗഡു കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് ആരാഞ്ഞ ഓഡിറ്റ് എൻക്വയറി നം 21/18-11-21ന ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണെന്നാണ് അറിയിച്ചിരിക്കുന്നത് .മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ ഷാജി പി, തങ്ക വിലാസം, ശാലിനി പി, പൊന്നെട്ടത്താൻ കുന്നം പുറത്ത് എന്നിവർ യഥാക്രമം 60000, 40000 എന്നിങ്ങനെ കൈപ്പറ്റിയിട്ടും നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല . തുടർ തുകകൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

ബി.

| | |
|---|---|
| പ്രോജക്റ്റ് നം. | 90/22 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി ( എസ് സി പി ) |
| അടങ്കൽ | 14400000 |
| ചെലവ് | 1460000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -2 |

പദ്ധതി പ്രകാരം 21-22 വർഷം 6 ഗുണഭോക്താക്കളുമായി കരാർ വച്ചതിൽ 3 പേർ മാത്രമെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളു .

1 . ലേഖ . കരിമൺ കോട് വീട്

2. തങ്കമണി ബി കെ , ഹരിജൻ കോളനി , പച്ചമല ,

3 . ഉഷ ,ഉഷ സദനം ,ആലുംകുഴി എന്നിവർ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു . (ഓഡിറ്റ് എൻക്വയറി നം 21/18-11-22). ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

സി.

| | |
|---|---|
| പ്രോജക്റ്റ് നം | 88/22 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി (ജനറൽ) |
| അടങ്കൽ | 18000000 |
| ചെലവ് | 2240000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -1 |

28-5-21 തിയ്യതിയിലെ 1(14) തീരുമാനപ്രകാരം 16 ഗുണഭോക്താക്കൾക്ക് കരാർ വച്ച് ആനുകൂല്യ വിതരണം നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്രകാരമുള്ള പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് . ആയതിൽ ഓമന ടി ഊളൻ കുന്നത്ത് വീട് എന്നവർ ആദ്യ ഗഡുവായ 40000 കൈപ്പറ്റി പിന്നീട് തുകയൊന്നും കൈപ്പറ്റി കാണുന്നില്ല (അക്വിററൻസ് രജിസ്റ്റർ പ്രകാരം) ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെയും മറ്റ് വിവരങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 37/19-11-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ 300000 / രൂപയുടെ മരുന്ന് വാങ്ങൽ പദ്ധതി- സുലേഖ ചെലവു പത്രികയിൽ പ്രോജക്റ്റ് വിവരങ്ങളും ചെലവും രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 35/22 |
| പ്രോജക്റ്റിന്റെ പേര് | വെറ്ററിനറി ഹോസ്പിറ്റലിലേക്ക് മരുന്നു വാങ്ങൽ സംബന്ധിച്ച് |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ഫണ്ടിനം | മെയിൻറനൻസ് ഗ്രാന്റ് (നോൺറോഡ് ) |
| ബിൽ നം | 187/28-1-22-80000<br>188/28-1-11-85000<br>217/14-2-22-70000<br>218/11-2-22-65000 |

മേൽ പ്രകാരമുള്ള പദ്ധതിയുടെ ചെലവ് 2021-22 വർഷത്തെ സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തി കാണുന്നില്ല . ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 24/18-11-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്രകാരമുള്ള പദ്ധതിയും ചെലവും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടാതിരുന്നതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്

## 1-32 റോഡ് പ്രവൃത്തികൾ-റോഡ് കണക്ടിവിറ്റിമാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ഏറ്റെടുത്തിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം

ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഈ സാമ്പത്തിക വർഷത്തിലോ ഇത്തരം പദ്ധതി ഏറ്റെടുത്തിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിനും (ഓഡിറ്റ് അന്വേഷണം - 16/ 2022) മറുപടി ലഭ്യമാക്കിയില്ല.സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.

## 1-33 സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 171 | വലിയതാന്നിമൂട് സ്ലാബ് നിർമ്മാണം | 236250 |
| 2 | 148 | ചെല്ലഞ്ചി പാടശേഖരം നടപ്പാത കലുങ്ക് നിർമ്മാണം | 50745 |
| 3 | 161 | സത്രക്കുഴി പമ്പ് ഹൗസ് റോഡ് സംരക്ഷണം | 543279 |
| 4 | 157 | വിളവീട് വടക്കേക്കോണം നടപ്പാലം | 97774 |

ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റ് അന്വേഷണം-13/2022തീയതി:16.11.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു.ഇതിൽ വലിയതാന്നിമൂട് സ്ലാബ് നിർമ്മാണം, വിളവീട് വടക്കേക്കോണം നടപ്പാലം എന്നീ പ്രവൃത്തികൾ ഉപേക്ഷിച്ചതായും സത്രക്കുഴി പമ്പ് ഹൗസ് റോഡ് സംരക്ഷണം എന്ന പ്രവൃത്തി 2022-23 വർഷം പൂർത്തീകരിച്ചതായും മറുപടി ലഭ്യമാക്കി. കൂടാതെ ചെല്ലഞ്ചി പാടശേഖരം നടപ്പാത കലുങ്ക് നിർമ്മാണം തനത് ഫണ്ട് ഉപയോഗിച്ച് 2021-22 ൽ തന്നെ പദ്ധതി പൂർത്തിയാക്കിയാക്കിയതായും അറിയിച്ചു.എന്നാൽ ഈ ചെലവ് സുലേഖ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഫണ്ട് നഷ്ടമാകാത്ത രീതിയിൽ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 എ സി ആർ പ്രകാരമുള്ള ചെലവ് പൂർണ്ണമായും സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല .

| | |
|---|---|
| പ്രോജക്റ്റ് നം. | 119/22 (New) |
| പ്രോജക്റ്റിന്റെ പേര് | കിണർ മെയിന്റനൻസ് |
| അടങ്കൽ | 1458000 |
| ചെലവ് | 192000 |
| ഫണ്ടിനം | ധന കാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -2 |

പദ്ധതി പ്രകാരം 1458000 രൂപ അടങ്കൽ നിശ്ചയിച്ച പ്രവർത്തിക്ക് സുലേഖ പ്രകാരം 192000 രൂപയാണ് 2021-22 വർഷം ചെലവ് രേഖപ്പെടുത്തി കാണുന്നത്. 21-22 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ACR പരിശോധിച്ചതിൽ മേൽ പദ്ധതിക്കായി 312000 രൂപ പിൻവലിച്ചതായി കാണുന്നു. 21-22 വർഷം ആകെ 32 പേർക്ക് നൽകിയതിന്റെ വിശദാംശങ്ങളാണ് വി ഇ ഒ ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി 20 പേർക്ക് തുക തൻ വർഷം നൽകിയില്ല 2022-23 ലാണ് ടിയാർക്ക് നൽകിയത് എന്നും അറിയിച്ചിരുന്നു . എന്നാൽ 52 പേർക്കുള്ള തുക പിൻവലിച്ചതായി എ സി ആറിൽ രേഖപ്പെടുത്തിയിരിക്കുന്നു . 22-23 ലെ മേൽ ഫണ്ടിന്റെ എസി ആർ , സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് എന്നിവ പരിശോധിച്ചതിൽ മേൽ പറഞ്ഞ 16 പേർഉൾപ്പെടെ ആകെ 36 പേർക്കുള്ള തുക 5/22 ൽ പിൻവലിച്ചതായി കാണുന്നു . ഇത്തരത്തിൽ 2021-22 വർഷത്തെ എസി ആർ ചെലവും സുലേഖ പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം വന്നതിനും എ സി ആർ പ്രകാരം 120000 അധികമായി ചെലവു രേഖപ്പെടുത്തിയതിലും വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/18-11-22 ന ലഭ്യമാക്കിയ മറുപടിയിൽ 2022 മാർച്ച് 30,31 തിയ്യതികളിലായി 20 ഗുണഭോക്താക്കൾക്ക് കൂടി ആനുകൂല്യം നൽകുന്നതിനും വേണ്ടി ബിൽ ഫ്രണ്ട് ഓഫീസ് മുഖാന്തിരം നൽകിയിരുന്നുവെന്നും എന്നാൽ സുലേഖ ചെലവു പത്രികയിൽ ടി തുക വരാത്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ടി പദ്ധതിയിലെ അവസാന ബിൽ (120000) പാസായിട്ടില്ല എന്ന് അറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 2022-23 വർഷം തുക നൽകിയതെന്നാണ്. ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-35 സ്വകാര്യ സ്ഥാപനത്തിൽ ലക്ഷങ്ങൾ ചെലവഴിച്ച് സ്ഥാപിച്ച സി എഫ് എൽ റ്റി സി - പഞ്ചായത്തിന്റെ അനുമതിയില്ലാതെ പൊളിച്ചുമാറ്റി - സാധനങ്ങൾ തിരികെ ലഭിച്ചില്ല

2020-21 വർഷം 1134223 രൂപ ചെലവഴിച്ച് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഉടമസ്ഥതയിലുള്ള ഗ്രീൻ ഓഡിറ്റോറിയത്തിൽ സി എഫ് എൽ ടി സി സജ്ജമാക്കിയിരുന്നു . 15-2-21 ലെ അജണ്ട 3 തീരുമാനം നമ്പർ 2 പ്രകാരം ഗ്രീൻ ഓഡിറ്റോറിയത്തിൽ സജ്ജമാക്കിയിരുന്ന സി എഫ് എൽ ടി സി സംവിധാനം ജില്ലാ കളക്ടറുടെയോ , ഗ്രാമ പഞ്ചായത്തിന്റെയോ അനുമതി കൂടാതെ പൊളിച്ച കളഞ്ഞതിൽ ആയതിന്റെ സിവിൽ ജോലികൾ നിർവ്വഹിച്ച എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറോട് ടി വർക്കിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സി എഫ് എൽ ടി സി യിലെ ആവശ്യത്തിനായി വാങ്ങിയ സാധനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ കണ്ടു .

സി എഫ് എൽ ടി സി സജ്ജമാക്കുന്നത് സംബന്ധിച്ച സ ഉ 1364/20 DT-16-7-20 അനുബന്ധം 4 പ്രകാരം CFLTC ക്കായി കെട്ടിടം കണ്ടെത്തുമ്പോൾ സർക്കാർ കെട്ടിടങ്ങൾക്ക് മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ സർക്കാർ സ്കൂളുകൾ ഉണ്ടായിരുന്നിട്ടും ഗ്രീൻ ഓഡിറ്റോറിയത്തെ തെരഞ്ഞെടുത്തതിൽ വ്യക്തതയില്ല .സർക്കാർ സ്കൂളുകളോ, കെട്ടിങ്ങളോ തിരഞ്ഞെടുത്ത് മേൽപ്രകാരമുള്ള സൌകര്യങ്ങൾ ഒരുക്കിയിരുന്നെങ്കിൽ ആയത് സർക്കാർ വക കെട്ടിടങ്ങളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്താനെങ്കിലും ഉതകുമായിരുന്നു . മേൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ വാങ്ങുന്നതിനായും /സ്ഥാപിക്കുന്നതിനായും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് .

1. അലുമിനിയം ഫാബ്രിക്ക് വർക്ക് -162368/- രൂപ
2. ഫോൾഡിംഗ് ബെഡ് പില്ലോ-110 NOS-62700/- രൂപ
3 . ഫോൾഡിംഗ്-കോട്ട്-110 N0S-108351/- രൂപ
4. പുതിയ ബാത്ത് റൂം-204920/- രൂപ
5 . മെഡിക്കൽ ആന്റ് സർജ്ജിക്കൽസ് -19189/- രൂപ
6. സ്റ്റേഷനറി-6132/- രൂപ
7. ഇൻസിനറേറ്റർ-260000/- രൂപ
8.ബെഡ് ഷീറ്റ് , ബക്കറ്റ് ETC-54561/- രൂപ
9.കമ്പ്യൂട്ടർ-44940/- രൂപ
10-ഇലക്ട്രിക്ക് വർക്ക് -89664/- രൂപ
11-കൊതുക വല സ്ഥാപിച്ചത്-72070/- രൂപ
12. വേസ്റ്റ് ഡിസ്പോസൽ ഉപകരങ്ങൾ-26193/- രൂപ
13.പുതിയ ബാത്ത് റൂം-156079/- രൂപ
14. സ്പ്രേയർ-1200/- രൂപ

ഇത്രയും തുക ചെലവഴിച്ച് പ്രവർത്തനം ആരംഭിച്ച് സി എഫ് എൽ ടി സി പഞ്ചായത്തിന്റെ അനുമതിയോ, ജില്ലാകളക്ടറുടെയോ അനുമതി യില്ലാതെ പൊളിച്ച കളഞ്ഞ വിഷയത്തിൽ സിഎഫ് എൽ ടി സി യിൽ നിന്നും പൊളിച്ച കളഞ്ഞതുവഴി പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ട് , നഷ്ടപ്പെട്ട സാധനങ്ങളെ കുറിച്ച് സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ട് , സി എഫ് എൽ ടി സി, ഗ്രീൻ ഓഡിറ്റോറിയത്തിൽ സജ്ജമാക്കാൻ അനുമതി നൽകിയ കളക്ടറുടെ ഉത്തരവ്, എ3-1959/27-8-20 , 3—2-20 എന്നീ തിയ്യതികളിൽ സിഎഫ് എൽ ടി സി പ്രവർത്തിപ്പിച്ചതിന് വന്ന ചെലവായ -1134623 ( 1059545+75078)രൂപ റീ ക്ലൂപ്പ് ചെയ്യുന്നതിന് ഇൻസിഡന്റ് കമാന്റർ& തഹസിൽ ദാർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 44/20-11-21 ന് മറുപടി ലഭ്യമാക്കിയില്ല . സാധനങ്ങൾ നഷ്ടപ്പെട്ട കാര്യത്തിൽ പാലോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതായി 28-5-21 തിയ്യതിയിലെ അജണ്ട -1തീ 2 ൽ സൂചിപ്പിച്ചിട്ടുണ്ട്. കേസിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-36 തനത് ഫണ്ട് വകയിരുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ-നിർവഹണത്തിൽ അലംഭാവം

തനത് ഫണ്ട് വകയിരുത്തി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പ്രവൃത്തികൾക്ക് വേണ്ടത്ര പ്രാധാന്യം നല്കാതെ ഫണ്ട് ഉപയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നു.തന്മൂലം തനത് ഫണ്ട് വകയിരുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉപേക്ഷിക്കുന്നതിനോ നടപ്പിലാക്കാതിരിക്കുന്നതിനോ കാരണമാകുന്നു. ചുവടെ പറയുന്ന പദ്ധതികൾക്ക് വകയിരുത്തിയിരുന്ന തനത് ഫണ്ടിന് സുലേഖ പത്രിക പ്രകാരം ചെലവ് ഉണ്ടായിട്ടില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | തനത് ഫണ്ട് അടങ്കൽ |
|---|---|---|---|
| 1 | 156 | കള്ളിപ്പാറ ആലുവള റോഡ് | 50000/- |
| 2 | 220 | കൃഷിഭവൻ ഹാൾ നവീകരണം | 1200000/- |
| 3 | 242 | വെമ്പ് ശാലിവാഹൻമുക്ക് സൈഡ് വാൾകെട്ടലും റോഡ് നവീകരണവും | 37412/- |
| 4 | 253 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ | 25000/- |
| 5 | 245 | പാലോട് ഗവ ഹോസ്പിറ്റൽ ജംഗ്ഷൻ സത്രക്കുഴി റോഡ് നവീകരണം | 37412/- |
| 6 | 148 | ചെല്ലഞ്ചി പാടശേഖരം നടപ്പാത കലുങ്ക് നിർമ്മാണം | 50745/- |
| 7 | 244 | വലിയ വേങ്കോട് ആശ്രമ റോഡ് നവീകരണം. | 37412/- |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം - 14/ 2022തീയതി:16.11.2022 പ്രകാരം മറുപടി ആവശ്യപ്പെട്ടിരുന്നു. ഇതിൽ കൃഷിഭവൻ

ഹാൾ നവീകരണം, വെമ്പ് ശാലിവാഹൻമുക്ക് സൈഡ് വാൾകെട്ടലും റോഡ് നവീകരണവും ,റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്നീ പ്രവൃത്തികൾ 2022-23 ൽ നടപ്പിലാക്കി വരുന്നതായും പാലോട് ഗവ ഹോസ്പിറ്റൽ ജംഗ്ഷൻ സത്രക്കുഴി റോഡ് നവീകരണം എന്ന പ്രവൃത്തി ഉപേക്ഷിച്ചതായും കള്ളിപ്പാറ ആലുവള റോഡ്, ചെല്ലഞ്ചി പാടശേഖരം നടപ്പാത കലുങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് തൻവർഷം ചെലവുണ്ടായെങ്കിലും അത് സുലേഖയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും വലിയ വേങ്കോട് ആശ്രമ റോഡ് നവീകരണം എന്ന പ്രവൃത്തി തനത് ഫണ്ട് ചെലവഴിക്കാതെ പദ്ധതി പൂർത്തിയാക്കിയതായും മറുപടി ലഭ്യമാക്കി. മറ്റു ഫണ്ടുകൾക്കൊപ്പം തനത്ഫണ്ട് വകയിരുത്തി പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ആനുപാതികമായ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 എസ്.എൽ.ഐ, ജി.ഐ.എസ്.ഏറ്റവും കുറഞ്ഞ പ്രീമിയം ഈടാക്കുന്നില്ല.

മാർച്ച് 2022 ലെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പളത്തിന്/ശമ്പള സ്കെയിലിന് ആനുപാതികമായി എസ്.എൽ.ഐ, ജി.ഐ.എസ്.പ്രീമിയം ഈടാക്കിയിട്ടില്ലാത്തതായി ബോധ്യപ്പെട്ടു.സർക്കാർ ഉത്തരവ് (അ)നം 159/2021 ധനം തീയതി.30/11/2021 പ്രകാരം സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പ്രീമിയം തുക അടസ്ഥാന ശമ്പളം,ക്ഷാമബത്ത എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി 100 ന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തിയിട്ടുണ്ട്.ചുവടെ സൂചിപ്പിക്കുന്ന ജീവനക്കാരിൽ നിന്ന് എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | ശമ്പളം (Pay+DA) | ഈടാക്കിയ പ്രീമിയം | ഈടാക്കേണ്ടിയിരുന്ന പ്രീമിയം |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എ-ജൂനിയർ സൂപ്രണ്ട്. | 64949 | 450 | 1000 |
| ശ്രീ.എൻ.നജീം.അസിസ്റ്റന്റ് സെക്രട്ടറി. | 63451 | 500 | 1000 |
| ശ്രീ.ജയചന്ദ്രകുമാർ.സീനിയർ ക്ലർക്ക് | 57673 | 350 | 900 |

ജി.ഒ(പി)നം.156/2021/ധന തീയതി.26.11.2021 പ്രകാരം 2021 ഡിസംബർ മാസത്തെ ശമ്പളം മുതൽ ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഗ്രൂപ്പ് ഇൻഷ്വറൻസ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ചുവടെ സൂചിപ്പിക്കുന്ന ജീവനക്കാരിൽ നിന്ന് ജി.ഐ.എസ് പ്രീമിയം ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്. മാർച്ച് 2022 ലെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന ജീവനക്കാരിൽ നിന്ന് ഇത്തരത്തിൽ കുറവ് വരുത്തിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു.

| ജീവനക്കാരന്റെ പേര് | ശമ്പള സ്കെയിൽ | ഈടാക്കിയ പ്രീമിയം | ഈടാക്കേണ്ടിയിരുന്ന പ്രീമിയം |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എ. ജൂനിയർ സൂപ്രണ്ട്. | 50200-105300 | 400 | 1000 |
| ശ്രീ.ജയചന്ദ്രകുമാർ.സീനിയർ ക്ലർക്ക്. | 39300-83000 | 400 | 800 |
| ശ്രീമതി.രഞ്ചിത.സി.എസ്സ്-സീനിയർ ക്ലർക്ക്. | 35600-75400 | 200 | 80 |

മേൽ സൂചിപ്പിച്ച അപാകത ഓഡിറ്റ് അന്വേഷണം - 46/ 2022തീയതി:21.11.2022 പ്രകാരം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമായില്ല.അപാകത പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 പകൽ വീട് പ്രവർത്തന ക്ഷമമല്ല

24-12-21 തിയ്യതിയിലെ 6/1കമ്മറ്റി തീരുമാന പ്രകാരം നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ താൽകാലിക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പകൽ വീട് കെട്ടിടം 31-3-22 തിയ്യതിക്കകം ഒഴിയുവാനും സാധനങ്ങൾ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനും ഫർണ്ണിച്ചറുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട് . നിലവിൽ ടി സാധനങ്ങൾ പച്ച ഗവൺമെന്റ് എൽ പി എസിലെ കെട്ടിടത്തിൽ ഒഴിഞ്ഞമുറിയിൽ സൂക്ഷിച്ചതായി ICDS സൂപ്പർ വൈസർ അറിയിച്ചിട്ടുണ്ട്. നിലവിൽ പകൽവീട് പ്രവർത്തന ക്ഷമമല്ല. 2019 വർഷം പകൽ വീട് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല . 20-1-21 തിയ്യതിയിലെ അജണ്ട 11 തീ-1 പ്രകാരം പേരയം വാർഡിലെ പൊൻപാറ വാർഡിലെ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വൃദ്ധ സദനത്തിനായുള്ള കെട്ടിടം ഗ്രാമ പഞ്ചായത്തിന് കൈമാറി പകൽ വീട് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകാൻ ജില്ലാ പഞ്ചായത്ത് അധികൃതരോട് അഭ്യർഥിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ( എൻക്വയറി നം -45/20-11-22) മറുപടി ലഭ്യമാക്കിയില്ല . പകൽ വീട് നിർമ്മാണം ആരംഭിക്കേണ്ടതും നിലവിൽ ടി ആവശ്യത്തിനായി വാങ്ങിയ സ്ഥലത്ത് കൈയ്യേറ്റം നടന്നിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ് .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 63 ന്യൂലൈഫ് (എസ് സി പി)ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ അധിക ധനസഹായം | 360000 |
| | 60 . ന്യൂലൈഫ് (ജനറൽ)ലക്ഷം വീട് നവീകരണം | 140000 |
| | 140, ന്യൂലൈഫ് (ജനറൽ)ലക്ഷം വീട് നവീകരണം(so) | 320000 |
| | 92 . ലൈഫ് - ഭവനപദ്ധതി(ടി എസ് പി) | 700000 |
| | 48,സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 284970 |
| | 155. പഞ്ചായത്ത് സ്റ്റേഡിയം ഓട നവീകരണം | 849012 |
| | 16,ക്ഷീര സമൃദ്ധി | 325722 |
| | ആകെ | 2979704 |
| ജില്ലാ പഞ്ചായത്ത് ആകെ | 16,ക്ഷീര സമൃദ്ധി | 446713 |
| | 167,ലൈഫ് - ഭവനപദ്ധതി(ജനറൽ) | 40000 |
| | 183 ,ലൈഫ് - ഭവനപദ്ധതി(ജനറൽ) | 500000 |
| | 137,സ്നേഹസ്പർശം-മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 285000 |
| | 88. ലൈഫ് - ഭവനപദ്ധതി(ജനറൽ) | 560000 |
| | 60. ലൈഫ് - ഭവനപദ്ധതി(ജനറൽ) | 1440000 |
| | 63. ന്യൂലൈഫ് (എസ് സി പി)ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ അധിക ധനസഹായം | 804000 |
| | 92. ലൈഫ് - ഭവനപദ്ധതി(ടി എസ് പി) | 233645 |
| | 90.ലൈഫ് - ഭവനപദ്ധതി( എസ് സി പി) | 120000 |
| | 164. പഞ്ചായത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം | 1357947 |
| | ആകെ | 5787305 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP –7,31 , എന്നിവ പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 90250 | 5787305 | 5877555 | 5787305 | 90250 | 90250 |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1035330 | 2979704 | 4015034 | 2979704 | 1035330 | 1035330 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പേരയം ആയുർവേദ ഡിസ്പെൻസറിയിലെ കുഴൽകിണർ നിർമ്മാണം(112/22) | 120000 | 0 | 120000 |
| | ഇളവെട്ടം എൽ പി സ്കൂളിൽ കുഴൽകിണർ നിർമ്മാണം(235/22) | 167900 | 0 | 167900 |
| | ആകെ | 287900 | 0 | 287900 |

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കി യിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 866000 | *500000 | 1366000 | -- | 866000 | 1366000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 0 | 287900 *** | 287900 | 0 | **287900 | 0 |
| കെ.എസ്.ഇ.ബി | 283003 | - | 283003 | 0 | 283003 | 283003 |

*പ്രസ്തുത ചെലവ് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതെന്ന് വ്യക്തമല്ല. പ്രസ്തുത ചെലവ് RP -47 യിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും സെക്രട്ടറിയുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

** പ്രസ്തുത നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

*** ചെലവ് ധനകാര്യപത്രികയിൽ RP 47-ൽ രേഖപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കോ ഓപറേറ്റീവ് ബാങ്ക് | 572554 | - | 300000 | 272554 |
| KURDFC | 99007999 | 3740000 | 8403998 | 94344001 |

വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ (KURDFC വായ്പ) രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കിയിട്ടില്ല. കോ-ഓപറേറ്റീവ് ബാങ്ക് ലോണിന്റെ ലോൺ രജിസ്റ്ററിലെ തുകകളും വാർഷിക ധനകാര്യ പത്രിയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 | 3-1 | 2011-12 | പച്ച നീന്തൽക്കുളത്തിന്റെ കറന്റ് ചാർജ് ഒടുക്കിയത് സംബന്ധിച്ച് | പരാമർശങ്ങളിൽ സ്വീകരിച്ച തുടർനടപടി ഇവയുടെ നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2009-10 | 3-7 | 2011-12 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ചെലവഴിച്ച 196000/-രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | |
| 2009-10 | 3-10 | 2011-12 | നന്ദിയോട് മാർക്കറ്റ് ഡബ്ബിംഗ് യാർഡും മണ്ണിര കമ്പോസ്റ്റും പദ്ധതി പാഴ്ചെലവ് | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,13,41,580 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,97,69,793 |
| ആകെ | 11,11,11,373 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,15,49,062 |
| നീക്കിയിരിപ്പ് | 1,95,62,311 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 42,91,287 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 9,59,144 | ശ്രീമതി.സരിത വിജയൻ. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 9,29,569 | ശ്രീ. സ്വാമിനാഥൻ-എച്ച് എം |
| 1-23 | 4,95,040 | ശ്രീ.നൈസാം എസ് -സെക്രട്ടറി. |
| 1-24 | 3,80,540 | ശ്രീ.റഫീക്ക്.ആർ.സെക്രട്ടറി. |
| 1-24 | 3,87,900 | ശ്രീ.നൈസാം എസ് -സെക്രട്ടറി. |
| 1-25 | 3,18,750 | ഡോ . ദിവ്യ . പി സി, വെറ്ററിനറി സർജ്ജൻ |
| 1-27 | 2,20,344 | ഡോ. സരിത എ എൽ., വെറ്ററിനറി സർജ്ജൻ |
| 1-28 | 6,00,000 | റാഫി . എ, വി ഇ ഒ . സ ർക്കിൾ -1 |
| ആകെ | 42,91,287 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|
| ശ്രീ.നൈസാം എസ് -സെക്രട്ടറി | നൂറ് മഹൽ, അഞ്ചു പറ ലൈൻ , പെരിങ്ങമ്മല |
| ശ്രീ.റഫീക്ക്.ആർ, സെക്രട്ടറി. | അൽഫജൽ, ഗുരുകുലം, പേരൂർക്കട. |
| ശ്രീമതി.സരിത വിജയൻ. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഉപാസന ബ്രിഗേഡ് ലൈൻ ഡി എൽ ആർ-എ-24 |
| ശ്രീ. സ്വാമിനാഥൻ-എച്ച് എം | മഴവില്ല് ,TC.47/1399 , തമലം പൂജപ്പുര, തിരുവനന്തപുരം പി ഒ, 695012 |
| ഡോ. സരിത എ എൽ., വെറ്ററിനറി സർജ്ജൻ | ദേവധാൻ, പുളിയറക്കോണം പി ഒ ,695573 |
| ഡോ . ദിവ്യ . പി സി, വെറ്ററിനറി സർജ്ജൻ | അശ്വതി , ഹൌസ് നം 146, എ കെ ജി നഗർ, പേരൂർക്കട, 695005 |
| റഫി . എ, വി ഇ ഒ . സ ർക്കിൾ -1 | പഴവിള പുത്തൻ വീട് , പാലുവള്ളി , കാഞ്ചി നട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1 (3-33) |
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1 (3-7) |
| 2003-04 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 2 (3-4, 3-6) |
| 2004-05 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1 (3-5) |
| 2005-06 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 2 (3-12, 3-13) |
| 2006-07 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5 (3-8, 3-10, 3-12, 3-14, 3-16) |
| 2007-08 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 4 (3-4, 3-11, 3-12, 3-13) |
| 2008-09 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 3 (3-6 (1), 3-7, 3-9) |
| 2009-10 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 8 (3-2, 3-3, 3-4, 3-5, 3-6-1, 3-6-2, 3-7, 3-8) |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 10 (3-1, 3-4, 3-5, 3-10, 3-11, 3-13, 3-14,3-15, 3-16, 3-17) |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 14 (2-1 (എ,ബി,സി), 2-4, 2-5, 2-6, 2-7, 2-8, 3-2, 3-3, 3-4, 3-7, 3-10, 3-12, 3-15, 3-16) |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1 (3-10) |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5 (2-2 (എ), 2-2 (ബി), 2-2 (സി), 3-1, 3-5) |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 3 (3-1, 3-2, 3-5) |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 8 (2-2, 3-1 (1,2), 3-2, 3-3, 4-3-8, 3-9, 3-9-3) |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5 (3-1, 3-2, 3-4, 3-6, 3-9) |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019, തീ. 01.01.2021 | 29 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2180/2019, തീ. 16.12.2020 | 13 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1352 /2021, തീ. 24.11.2021 | 42 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/775 /2022, തീ. 03.06.2022 | 55 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്